NARAYANAN NAIR MEMORIAL HIGHER SECONDARY SCHOOL
CHELEMBRA

## NNMHSS CHELEMBRA

# Blueprint

making something

little KITEs

# editorial board




**ചീഫ് എഡിറ്റർ**
രാജേഷ്. കെ (കൈറ്റ് മാസ്റ്റർ)
ജെസ്സി ജോൺ (കൈറ്റ് മിസ്ട്രസ്)

**എഡിറ്റോറിയൽ ബോർഡ്**
അധ്യാപക പ്രതിനിധികൾ
മുഹമ്മദ്. പി
ഗണേശൻ തെക്കേടത്ത്
നീലിമ സി.കെ

വിദ്യാർത്ഥി പ്രതിനിധികൾ
നജ്‌ല. കെ
ഫാത്തിമ ഫിദ. വി
മുജീബ നസ്റിൻ. കെ.പി
താജുൽ ഫസാരി. എം
ഷാദിയ. എം
അഭിനവ്. എൻ
വൈഷ്ണവ്. പി
മുഹമ്മദ് ബാസിത്ത്. എം.കെ
ഫായിസ. എം. കെ
ഫഹ്മിദാ. കെ.പി
ഫാത്തിമ റിൻഷ. സി.പി

NNMHSS
CHELEMBRA

little KITEs
MAGAZINE

# Blueprint
making something

# Message

എൻ.എൻ.എം.എച്ച്.എസ് ചേലേമ്പ്രയിൽ നടന്നു വരുന്ന വ്യത്യാസ്തങ്ങളായ പരിപാടികൾ പ്രശംസനീയമാണ് ഇപ്പോൾ ലിറ്റിൽ കൈറ്റ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന 'ബ്ലുപ്രിന്റ്' ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

**സി. രാജേഷ്**
പ്രസിഡണ്ട്,
ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്

നമ്മുടെ വിദ്യാലയത്തിൽ ലിറ്റിൽ കൈറ്റ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ ഇറങ്ങുതിൽ അഭിമാനമുണ്ട് ഇതൊരു തുടക്കമാണെങ്കിലും വരും വർഷങ്ങളിൽ ഇനിയും ഉയരങ്ങളിലേക്ക് കുതിക്കാൻ ഈ ഉദ്യമത്തിന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

എൻ.സി. പാർവ്വതി
മാനേജർ
എൻ.എൻ.എം.എച്ച്.എസ്.എസ്
ചേലേമ്പ്ര

# Message

നമ്മുടെ വിദ്യാലയത്തിൽ ലിറ്റിൽ കൈറ്റ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

**പി രഞ്ജിത്ത്**
പ്രസിഡണ്ട് പി.ടി.എ
എൻ.എൻ.എം.എച്ച്.എസ്.എസ് ചേലേമ്പ്ര

I Extend My Sincere Felicitations to the Fabulous Venture of Making a Magazine by Our Little Kites of NNMHSS Chelembra and I Wish all the best.

**Sadanandan. K**
Principal
NNMHSS Chelembra

ലിറ്റിൽ കൈറ്റ് ക്ലബ്ബ് എൻ.എൻ.എം.എച്ച്.എസ് ചേലേമ്പ്രയുടെ ആദ്യ ഡിജിറ്റൽ മാഗസിൻ നമ്മുടെ വിദ്യാലയത്തിൽ നടന്ന് വരുന്ന പ്രവർത്തനങ്ങളുടെ ഒരു പരിഛേദം തന്നെയാണ്. ആ അർത്ഥത്തിൽ ബ്ലുപ്രിന്റിന് എല്ലാവിധ ആശംസകളും നേരുന്നു

**ആർ.പി. ബിന്ദു**
ഹെഡ്മിസ്ട്രസ്
എൻ.എൻ.എം.എച്ച്.എസ്.എസ് ചേലേമ്പ്ര

# ആമുഖം

സ്കൂൾ ലിറ്റിൽ കൈറ്റ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിവരസാങ്കേതിക വിദ്യയുടെ നേർക്കാഴ്ചകൾ ഉൾക്കൊള്ളിച്ച ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ ഞങ്ങൾ ഒരു എളിയ ശ്രമം നടത്തി. വളരെ പരിമിതമായ സമയത്തിനുള്ളിൽ തയ്യാറാക്കിയ ഈ മാഗസിനിൽ സ്കൂളിലെ വിവിധ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷനും കുട്ടികളുടെ സർഗ്ഗസൃഷ്ടികളുമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഈ മാഗസിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാവരെയും സ്മരിച്ചുകൊണ്ട് ഈ കലാസൃഷ്ടി നിങ്ങളുടെ കൈകളിലേക്ക് സമർപ്പിക്കുന്നു.

**എഡിറ്റർ**

# താളുകളിലൂടെ


| | |
|---|---|
| ആഘോഷങ്ങളുടെ മുതലാളിത്തവൽക്കരണം | 8 |
| പുഴ കേഴുന്നു (കവിത) | 9 |
| മുറിഞ്ഞ ജീവിതം (കവിത) | 9 |
| അടുക്കളക്കോണിലെ സ്വപ്നം (കഥ) | 10 |
| ജി.എസ്.ടി. ഒരു പഠനം | 11 |
| നേർവഴി | 12 |
| ബുൾഡോസറുകൾക്ക് തകർക്കാനുള്ളതല്ല ചരിത്ര ശേഷിപ്പുകൾ | 13 |
| മുറിപ്പാടുകൾ (കവിത) | 15 |
| മദ്യാസക്തി ഒരു രോഗം | 16 |
| കൂട്ടുകാരി....(കവിത) | 17 |
| കൂട്ടുകാർ ...(കവിത) | 17 |
| പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ | 18 |
| മികവാർ പ്രവർത്തനങ്ങൾക്ക് അംഗീകാരം | 19 |
| കുട്ടികളുടെ അവകാശങ്ങൾ | 20 |
| വെളിച്ചെണ്ണ മാഹാത്മ്യവുമായി സ്കൂളിലെ സ്കൗട്ട് ആന്റ് ഗൈഡ്സ് | 21 |
| ഹായ് പ്രിയദർശിനീ നീ (കവിത) | 22 |
| രണ്ടാമൂഴം | 23 |
| പ്രവർത്തന മികവിന് അഭിനന്ദനങ്ങൾ | 23 |
| അക്വോറിയത്തിലെ സ്വർണ്ണമത്സ്യങ്ങൾ | 24 |
| ശിൽപിയുടെ കലാസൃഷ്ടി | 26 |
| ആഴങ്ങളിലെ അമ്മ | 27 |
| അമ്മയുടെ സ്നേഹം (കവിത) | 28 |
| പ്രളയ താണ്ഡവം | 28 |
| വിദ്യാഭ്യാസത്തിന്റെ ലക്ഷ്യബോധം | 29 |
| സാമൂഹിക മാധ്യമങ്ങളും ആധുനിക സംസ്കാരവും | 30 |
| പ്രകൃതിയിലെ അനുപാതങ്ങൾ | 30 |
| ആരാച്ചാർ പെൺചരിത്രത്തിലേക്ക് തുറക്കുന്ന വാതിൽ | 31 |

# ആഘോഷങ്ങളുടെ മുതലാളിത്തവൽക്കരണം

ഡോ.ശശികുമാർ പുറമേരി

ആഘോഷങ്ങളും ഉത്സവങ്ങളും ഒരു ജനതയുടെ സംസ്കാരത്തിന്റെ ഭാഗമാണ്. ലോകത്തിലെ എല്ലാ ഭാഗത്തും ജനവിഭാഗങ്ങൾക്ക് അവരുടേതായ ആഘോഷങ്ങളും ഉത്സവങ്ങളുമുണ്ട്. പലതിന്റെയും പിന്നിൽ മതങ്ങളുടെയും പ്രാദേശിക വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും കയ്യൊപ്പുണ്ട്. വിളവെടുപ്പിനും കാലാവസ്ഥാമാറ്റത്തിനും പങ്കുണ്ട്. കേരളവും ആഘോഷങ്ങളുടെയും ഉത്സവങ്ങളുടെയും നാടാണ്. കേരളത്തിന്റെ ദേശീയ ഉത്സവമായി ഓണത്തെ കാണുന്നു. മതപരമോ വിശ്വാസപരമോ ആയ പശ്ചാത്തലമല്ല ഓണത്തിനുള്ളത്. വാമനാവതാരവുമായി ഇതിനെ ബന്ധിപ്പിക്കാൻ ശ്രമം നടന്നിട്ടുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. മാവേലിയുടെ സദ്ഭരണം ഇല്ലാതാക്കാൻ വാമനന്റെ വേഷത്തിൽ വിഷ്ണു വന്നതല്ല ഓണാഘോഷത്തന്റെ പിൻബലം.

സൂര്യോദയം മുതൽ അസ്തമയം വരെ ജന്മിമാരുടെ വയലേലകളിൽ നട്ടെല്ലൊടിച്ചുനിന്ന് (എല്ലാ അർത്ഥത്തിലും) വിശപ്പൊതുക്കാൻ ഭക്ഷണം ലഭിക്കാതെ വന്ന അടിസ്ഥാന വർഗത്തിന്റെ സ്വപ്നത്തിൽ ജന്മംകൊണ്ട ഒരു മിത്തായിരുന്നു മാവേലി. ജന്മിമാരുടെ ചൂഷണത്തിനു വിധേയരായ ഒരു ജനവർഗം, കള്ളവും ചതിയും, കള്ളപ്പറയും ചെറുനാഴിയും കണ്ടുമടുത്ത, അതിനെതിരെ ശബ്ദിക്കാൻ പോലും കഴിയാത്ത ജനവിഭാഗങ്ങൾ, തനിക്കും നല്ല കാലം വരുമെന്ന് സ്വപ്നം കണ്ടിട്ടുണ്ടെങ്കിൽ അത് സ്വാഭാവികം മാത്രം. ധനികനെന്നോ ദരിദ്രനെന്നോ ഇല്ലാതെ എല്ലാവരും ഒന്നുപോലെ ജീവിക്കുന്ന ഒരു ലോകത്തെയും അങ്ങനെ ഭരിക്കുന്ന രാജാവിനെയും ഭാവനയിൽ കണ്ടിട്ടുണ്ടെങ്കിൽ അതും സ്വാഭാവികം. തന്റെ അധ്വാനം മുഴുവൻ സമർപ്പിച്ച ജന്മിമാരുടെ വീടുകളിലെ പിന്നാമ്പുറത്ത് ചെന്നുനിന്ന് ആത്തേമ്മാരുടെ കയ്യിൽ നിന്നും എണ്ണ വാങ്ങി തലയിൽ തേച്ചു കുളിക്കാനും, ഒരു പുതിയ മുണ്ട് വാങ്ങി ഉടുക്കാനും, നിലത്തിരുന്നാണെങ്കിലും വയറുനിറച്ച് രുചികരമായ ഭക്ഷണം കഴിക്കാനും കിട്ടുന്ന ദിവസമായിരുന്നു ചരിത്രത്തിലെ ഓണം.



അങ്ങനെയൊരു ദിവസം വരണമെന്ന് അവർ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നു. അടിയാളരുടെ സ്വപ്നമായിരുന്നു ഓണമെങ്കിൽ, അവരുടെ പ്രതീക്ഷയായിരുന്നു മാവേലി എങ്കിൽ ഇന്ന് അതിന്റെ സ്വഭാവം മാറിയിരിക്കുന്നു.

ജനങ്ങളുടെ സന്തോഷ ദിവസങ്ങളെല്ലാം തന്നെ ഇന്ന് മുതലാളിത്തത്തിന്റെ ഉത്സവദിവസങ്ങളായിരിക്കുന്നു. കേരളത്തിൽ ഉപഭോഗസംസ്കാരം പ്രചരിപ്പിച്ച് ജനങ്ങളുടെ വാങ്ങിക്കൂട്ടാനുള്ള ആഗ്രഹത്തെ ഈ ഉത്സവ കാലഘട്ടങ്ങൾ ഉണ്ടാക്കിയെടുക്കുന്നു. ഓരോ ഓണക്കാലമെത്തുമ്പോഴും ഓഫറുമായി എത്തുന്ന ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽസ്, ടെക്സ്റ്റൈൽ കമ്പനികളുടെ രാഷ്ട്രീയം തിരിച്ചറിയാൻ മലയാളിക്കു കഴിയാതെ പോകുന്നു. മലയാളികളുടെ വരുമാനത്തിന്റെ വലിയപങ്ക് ഇതുപോലെയുള്ള കുത്തക മുതലാളിമാർ കീശയിലാക്കുന്നു. വ്യക്തികുടുംബബന്ധങ്ങൾ പോലും സാധനസംയുക്തമാക്കിയെടുക്കുന്നതിൽ അവർ വിജയിച്ചിരിക്കുന്നു. ഭാര്യയെ സ്നേഹിക്കുന്ന ഭർത്താവ് പ്രഷർ കുക്കർ വാങ്ങിക്കൊടുക്കുന്ന ആളായി മാറി. അയൽക്കാരന്റെ അസൂയയാണ് നിങ്ങളുടെ അഭിമാനം എന്നു പ്രചരിപ്പിച്ചു. സ്വർണം വാങ്ങാനും അത് അലമാരയിൽ വെയ്ക്കാനുള്ളതല്ല പണയം വെയ്ക്കാനാണ് എന്നും നമ്മെ പഠിപ്പിച്ചു. എന്തും വാങ്ങുകയും വിൽക്കുകയും ചെയ്യാനുള്ള എളുപ്പ വഴികൾ കാണിച്ചു തന്നു. സൗന്ദര്യം എന്നത് നീണ്ടമുടിയും വെളുത്ത ശരീരവുമാണെന്ന് കുഞ്ഞുങ്ങളോടു പറഞ്ഞു. മുടിവളരാനും തൊലി വെളുക്കാനുമുള്ള സൂത്രങ്ങൾ പറഞ്ഞു തന്നു. ഇതൊക്കെ മലയാളി അപ്പടി സ്വീകരിച്ചതുകൊണ്ട് ഓരോ ഉത്സവകാലത്തേയും വരവേൽക്കാൻ മുതലാളിത്തം ഒരുങ്ങി നിൽക്കുന്നു. ഓരോ ആയിരം രൂപയ്ക്കും സാധനം വാങ്ങുമ്പോൾ നിങ്ങളുടെ വീട്ടിൽ ഒരു കാർ അല്ലെങ്കിൽ സ്കൂട്ടർ എത്തുമെന്ന് പ്രലോഭിപ്പിക്കുന്നു.

പറമ്പിലും പാടത്തും വിരിഞ്ഞുനിന്ന തുമ്പയും തെച്ചിയും മുക്കുറ്റിയും പോലെയുള്ള പൂക്കൾ പൂവിളിയോടെ ശേഖരിച്ച് അതുകൊണ്ട് പൂക്കളം തീർത്ത് മാവേലിയെ വരവേറ്റ മലയാളി. സുലഭമായിരുന്ന പൂക്കളെ നാട്ടിൽ കണികാണാൻ പോലുമില്ലാത്ത തരത്തിൽ നാടിനെ മാറ്റി. ഉള്ള പൂക്കളെപ്പോലും അവഗണിച്ച് മറ്റ് സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പൂവണ്ടിയും കാത്തിരിക്കുകയാണ്. അങ്ങനെ ഇന്നത്തെ ഓണം പൂക്കച്ചവടക്കാരുടെയും ദിനമായി മാറി. വീട്ടുകാരെല്ലാവരും ഒരുമിച്ചു നിന്ന് അവർക്കുണ്ടാക്കാൻ കഴിക്കുന്ന സവിശേഷ ഭക്ഷണങ്ങൾ ഉണ്ടാക്കിയിരുന്ന അടുക്കളയും ഓർമ്മയിൽ മാത്രമായി. ഇൻസ്റ്റന്റ് ഓണം വന്നെത്തി. വീടുകളിൽ വന്ന് ആവശ്യമായ ഭക്ഷണത്തിന്റെ കണക്കെടുത്തുപോയി കൃത്യസമയത്ത് എത്തിക്കാൻ ആൾക്കാർ ഒരുങ്ങിനിൽക്കുന്നു. പതിവായി വിഷം വാങ്ങിക്കഴിക്കുന്ന മലയാളി ഓണത്തിന് അതിന്റെ അളവുകൂട്ടിക്കൊണ്ടിരിക്കുന്നതും നാം കാണുന്നു. അങ്ങനെ ഫാസ്റ്റ് ഫുഡ് കടക്കാരനും ഓണമായി.

പഴയ ജന്മി ഇന്നില്ല. അതുകൊണ്ടു തന്നെ പഴയ മാവേലിക്കും ഇന്നു പ്രസക്തിയില്ല. അത് പുതിയ തലമുറയ്ക്ക് പറഞ്ഞുകൊടുക്കാനുള്ള കഥയായി നിലനിൽക്കട്ടെ. പുതിയ ജന്മിമാർ പുതിയ വേഷത്തിലും ഭാവത്തിലുമാണ്. ഇതിനനുസരിച്ച് വേണം ഇനി നമ്മുടെ സ്വപ്നങ്ങൾക്ക് ചിറകുകളുണ്ടാക്കാൻ.

# പുഴ കേഴുന്നു

ദേവിക.എൻ.



എന്തിനീ ജന്മമെന്നോർത്തു
പരിതപിക്കുന്നു പുഴ, സ്വയം ശപിക്കുന്നു
ഇനിയെന്നു തിരിച്ചുകിട്ടുമാ,
സന്തോഷത്താൽ ആർത്തുല്ലസിച്ചൊഴുകിയ
കാലമെന്നു കേഴുന്നു പുഴ.
ഉറവ വറ്റിയ സ്നേഹത്തിനുടമയാം
മലയാളിയെക്കുറിച്ചോർക്കുന്നു പുഴ.
നിറഞ്ഞൊഴുകി, നിറഞ്ഞുനൽകിയിരുന്ന
കാലം തിരിച്ചു വരുമോ?
പച്ചപുതച്ച പ്രകൃതിതൻ
മാറ്റുകൂട്ടാനൊഴുകിയയെന്നെ
കാട്ടാളരാം മനുഷ്യർ നശിപ്പിച്ചിടുമ്പോൾ,
വേദനിക്കുന്നു പുഴ! ഞാനിവിടെ തീരുമോ?
സ്നേഹത്തിൻ ഉറവ വറ്റാത്ത,
മനുജരവശേഷിക്കുന്നുവെങ്കിൽ, പുനർജനിച്ചിടാം,
ഞാനെന്റെ മക്കൾക്കായ്...



വര: മുഹമ്മദ് സനസ്.പി.പി.

# മുറിഞ്ഞ ജീവിതം

ഒരു നിഴൽ മാഞ്ഞുപോയ്
ഈറൻ കുടചൂടി!
കണ്ണുനീർ തുള്ളികൾ മുഖപുഞ്ചിരി ഉദിക്കുന്നിടം
ഒരുകാറ്റു പോലെയവൾ മാഞ്ഞുമറഞ്ഞു
ഓർമ്മകളോടിയെത്തുന്ന ഒരു ഓർമ്മ നിഴൽ
പിടയ്ക്കുന്ന ഹൃദയങ്ങൾ
ചലിക്കുന്ന കണ്ണുകൾ
മഴപോലെ അവൾ ഓടിമറഞ്ഞു.
ഓരോ കിനാവിലും ഓരോ നിനവിലും
ഒഴുകിയെത്തുന്ന ആ ഓർമ്മമുഖം.
ഒരു പാഴ്ജന്മസ്ത്രീയായവൾ അലയവേ
ചടുലമുഖത്ത് ഓരോ കണ്ണീർമുത്തുപോൽ
ജീവിതത്തിൻ കഥയായി മാറുന്നു
മുറിവേറ്റു പിടയ്ക്കുന്ന കവിളുകൾ തൻ
ചോരപുഴയായി മറയുന്നു.
അവിടെയായി കാൽപാദ സാഗരത്തിൽ
അവൾ ഒരു വേദനകടലായ് മാറിവീണു.



ഭവ്യമനോജ്.എം.സി

# അടുക്കളക്കോണിലെ സ്വപ്നം

അനൈന.ടി

കഥ

കൂകി പായുന്ന തീവണ്ടിയുടെ ശബ്ദം അവളുടെ നിദ്ര കെടുത്തി. 'ഹൊ ഇന്നെത്ര വിരുന്നുകാർ വരാനുള്ളതാണ്. അവർക്കുവേണ്ടി ഭക്ഷണമുണ്ടാക്കേണ്ട ചുമതലയും വീടുവൃത്തിയാക്കേണ്ട ചുമതലയും തന്റെ തലയിലാണ്. വേഗം എഴുന്നേറ്റ് ഭക്ഷണമുണ്ടാക്കണം. അല്ലെങ്കിൽ എഴുന്നേറ്റ് കലിതുള്ളി വരുന്ന അമ്മായിയുടെ മുഖം താനിന്നും കാണേണ്ടിവരും. അടുക്കളയിലേക്കുള്ള പോക്കിനിടയിൽ അവളുടെ മനസ്സിലേക്ക് പലതും കയറിവന്നു. ഇന്ന് അമ്മാവന്റെ മകളുടെ പെണ്ണുകാണൽ ചടങ്ങാണ്. തന്റെ അച്ഛനും അമ്മയുമുണ്ടായിരുന്നെങ്കിൽ തന്റെ കല്യാണവും ഇതുപോലെ... ഒരു മഴ കവർന്നെടുത്ത സുരക്ഷിതത്വവും സ്നേഹവും സന്തോഷവും ഇനി ആര് തരും?

പാറക്കല്ലിൽ ഉരക്കുന്നതുപോലെയുള്ള ''അമ്മൂ'' എന്ന വിളി അവളെ അടുക്കളയിലെത്തിച്ചു. ശേഷം അവിടെ ഒരു യുദ്ധം തന്നെ നടന്നു. ജോലിക്കിടയിൽ അമ്മാവന്റെ മകൾ വന്നു. അമ്മായി അവളുടെ തലയിൽ എണ്ണ തേച്ചു കൊടുത്തു. ഇതുകണ്ട് അവൾക്കവളുടെ സന്തോഷം നിറഞ്ഞ ബാല്യകാലവും സ്നേഹനിധിയായ അമ്മയെയും ഓർമ്മവന്നു. സ്കൂളിൽ പോകുന്നതിനു മുമ്പ് കുളിപ്പിക്കുന്നത്, പ്രാതൽ ഊട്ടിത്തരുന്നത്. സ്കൂളിൽ പറഞ്ഞയക്കുന്നത്. സ്കൂൾ വിട്ടുവന്ന് തന്നെ കുളിപ്പിച്ച് ചായ തന്ന് പഠിക്കാൻ ഇരുത്തുന്നത്. അമ്മയുടെ മാറോട് ചേർത്ത് 'ഓമനത്തിങ്കൾ കിടാവോ' എന്ന താരാട്ട് പാട്ട് കേട്ട് സ്വപ്നങ്ങൾ കണ്ടുറങ്ങുന്നത്. ഇങ്ങനെ ഒരുനാൾ ഉറങ്ങുമ്പോഴല്ലേ തന്റെ അമ്മയെയും അച്ഛനെയും തനിക്ക് നഷ്ടപ്പെട്ടത്.



വര: അനശ്വര. ഇ.

അമ്മയുടെയും അച്ഛന്റെയും മരണശേഷം അമ്മാവൻ തന്നെ കൂട്ടിക്കൊണ്ടുവന്നു. തനിക്ക് വിദ്യാഭ്യാസം തരുമെന്ന് പറഞ്ഞതെല്ലാം ഇന്നലെ കഴിഞ്ഞപോലെ. എന്നാൽ വീട്ടിലെത്തിയപ്പോൾ ഞാൻ അടുക്കളക്കോണിലേക്ക് തള്ളപ്പെട്ടു. പിന്നെ അവരുടെ സംഭാഷണങ്ങളിൽ നിന്ന് എനിക്ക് മനസ്സിലായി ഞാൻ അടുക്കളയിലെ തീയൂതി ജീവിക്കേണ്ടവളാണെന്ന്. അമ്മാവന്റെ മകളേക്കാൾ അഴകും ഭംഗിയും തനിക്കുണ്ട്. പക്ഷേ അവളുടെയത്ര പണവും വിദ്യാഭ്യാസവും തനിക്കില്ല. എന്റെ ജീവിതം എന്റെ ലോകം ഈ അടുക്കളയാണ്. അടുപ്പിലെ പുക വായുവിൽ ലയിക്കുന്നപോലെ തന്റെ സ്വപ്നങ്ങളും തന്റെ കണ്ണീരിൽ ലയിക്കും.

അവൾ അവളുടെ വിഷമങ്ങൾ ഉള്ളിലൊതുക്കി അവളുടെ ജോലിയിൽ വീണ്ടും ഏർപ്പെട്ടു. ആ സമയം അടുത്ത തീവണ്ടി കൂകിപ്പാഞ്ഞ് പോവുകയായിരുന്നു.




# ജി.എസ്.ടി : ഒരു പഠനം

2016 സെപ്റ്റംബർ 8ന് ഭരണഘടനാഭേദഗതി നിയമം 101 നിലവിൽ വരികയും 2016 സെപ്റ്റംബർ 15 ന് ജി.എസ്.ടി കൗൺസിലിന്റെ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും ചെയ്തതോടുകൂടി ചരക്കു സേവന നികുതി (ജി.എസ്.ടി)യിലേക്കുള്ള മാറ്റത്തിന് തുടക്കമായി. 2017 ഏപ്രിൽ ഒന്ന് മുതൽ സുപ്രധാന പരോക്ഷ നികുതി പരിഷ്കാരമായ ജി.എസ്.ടി ഇന്ത്യാഗവൺമെന്റ് പ്രാവർത്തികമാക്കി.

ഉപഭോഗത്തെ ആസ്പദമാക്കി ഓരോ പ്രദേശത്തെയും ആശ്രയിച്ചിട്ടുള്ള നികുതിയാണ് ചരക്കുസേവന നികുതി. നിർമ്മാണം മുതൽ ഉപഭോഗം വരെയുള്ള എല്ലാ ഘട്ടങ്ങളിലും ചുമത്തപ്പെടുകയും ഓരോ ഘട്ടത്തിലും അടച്ച നികുതി കുറവ് ചെയ്തു അടക്കാവുന്ന രീതിയാണ് ജി.എസ്.ടി.ക്കുള്ളത്. നികുതിയുടെ ഭാരം ഉപഭോക്താവിന് മാത്രമായിരിക്കും.

മനുഷ്യ ഉപഭോഗത്തിനുള്ള മദ്യം, പെട്രോളിയം, വൈദ്യുതി എന്നിവ ജി.എസ്.ടി.യിൽ നിന്ന് മാറ്റി നിർത്തുകയും പഴയ സമ്പ്രദായം തുടരുകയും ചെയ്യും. ഒരേ നികുതി അടിസ്ഥാനത്തിന്മേൽ, കേന്ദ്രവും സംസ്ഥാനങ്ങളും ഒരേ സമയം ചുമത്തുന്ന രണ്ട് തരത്തിലുള്ള ജി.എസ്.ടി ആണ് നിലവിലുള്ളത്. ചരക്കുകളുടെയും സേവനങ്ങളുടെയും സംസ്ഥാനത്തിനുള്ളിൽ നടത്തുന്ന സപ്ലൈ കേന്ദ്രം ചുമത്തുന്ന നികുതിയെ കേന്ദ്ര ജി.എസ്.ടി. എന്ന് വിളിക്കുന്നു. സംസ്ഥാനങ്ങൾ ചുമത്തുന്ന നികുതിയെ സംസ്ഥാന ജി.എസ്.ടി എന്നും വിളിക്കുന്നു. ചരക്കിന്റെയോ സേവനങ്ങളുടെയോ അന്തർസംസ്ഥാന വിതരണത്തിൽ കേന്ദ്ര നിർവഹണത്തിലെ ഇന്റഗ്രേറ്റഡ് ജി.എസ്.ടി ചുമതത്തപ്പെടും.

ഒഴിവാക്കപ്പെട്ടിട്ടുള്ള സാധനങ്ങൾ സേവനങ്ങൾ, ജി.എസ്ടി പരിധിയിൽ വരാത്ത സാധനങ്ങൾ, ഇളവ് പരിധിക്കു കീഴിലുള്ള ഇടപാടുകൾ എന്നിവ ഒഴിച്ചുള്ള സാധനങ്ങൾ സേവനങ്ങൾ എന്നിവയുടെ സപ്ലൈയിൽ കേന്ദ്ര ജി.എസ്ടിയും സംസ്ഥാന ജിഎസ്ടിയും ഒരേ സമയം ചുമത്തപ്പെടും.

ചരക്കു സേവന നികുതി സമ്പ്രദായം നടപ്പിലാക്കുന്നത് ഇന്ത്യയിലെ പരോക്ഷ നികുതി പരിഷ്കാരങ്ങളിലെ വളരെ സുപ്രധാനമായ ഒരു കാൽവെപ്പാണ്. കേന്ദ്ര സംസ്ഥാന സർക്കാറുകൾ ചുമത്തിയിരുന്ന നികുതികൾ ഒറ്റ നികുതിയാക്കി മാറ്റുകയും മുൻ സ്റ്റേറ്റ് നികുതികളുടെ സെറ്റ് ഓഫ് അനുവദിക്കുകയും ചെയ്യുക വഴി നികുതിയുടെ മേൽ നികുതി എന്നതിന്റെ ദൂഷ്യ ഫലങ്ങൾ ഒഴിവാക്കുകയും രാജ്യമാകെയുള്ള ഒരു പൊതു മാർക്കറ്റിനു വഴി ഒരുങ്ങുകയും ചെയ്യും.

ചരക്കുകളും സേവനങ്ങളും സപ്ലൈ ചെയ്യുന്ന നികുതി വിധേയനായ ആളിനാണ് ജിഎസ്ടി യിൽ നികുതി അടയ്ക്കാൻ ബാധ്യതയുള്ളത്. നികുതി അടയ്ക്കാനുള്ള ചുമതല ഉടലെടുക്കുന്നത് നികുതി വിധേയരായ വ്യക്തിയുടെ മൊത്ത വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള വാർഷിക നികുതിയൊഴിവു പരിധിയായ ഇരുപതുലക്ഷം കടക്കുമ്പോഴാണ്. (വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ പത്തുലക്ഷം). ചില പ്രത്യേക കാര്യങ്ങളിൽ നികുതി ഒഴിവ് പരിധി ടേണോവർ നോക്കാതെ നികുതിയടക്കാൻ ബാധ്യത ഉണ്ട്. മൊത്ത വരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതിയൊഴിവിനു അർഹതയുള്ളവർക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുകയും നികുതി അടക്കാൻ ഒപ്ഷന് എടുക്കുകയും ചെയ്യാം. ഒന്നരക്കോടിക്ക് മുകളിൽ അഞ്ചു കോടിക്ക് താഴെ മൊത്ത വരുമാനം ഉള്ളവർ രണ്ടക്ക കോഡും അഞ്ചുകോടിക്ക് മുകളിൽ മൊത്ത വരുമാനം ഉള്ള നികുതി ദായകർ നാലക്ക കോഡും ഉപയോഗിക്കണം.

# നേർവഴി

**സുബീന. പി.എം.**

സഞ്ജയ് പണക്കാരനായ അച്ഛന്റെ മകനാണ്. കാറുകളാണ് അവന് കമ്പം. അതിൽതന്നെ അമിതവേഗത്തിൽ പോവാൻ കഴിയുന്ന വയോടാണ് അവന് കൂടുതലിഷ്ടം. വേഗത്തിന് മുമ്പിൽ മറ്റൊന്നും തടസ്സമാവരുത് എന്നവനാഗ്രഹിച്ചു. പലപ്പോഴും ഈ അമിതവേഗം അവനെ കുഴപ്പത്തിലാക്കി. പലവട്ടം പോലീസ് പിടിക്കുകയും ഒട്ടേറെ തവണ സ്പീഡ്റഡാറുകളിൽ പതിയുകയും ചെയ്തു. പിഴയൊടുക്കുമെങ്കിലും പഴയപോലെ വേഗത്തിൽ പോവാൻ തന്നെയാണ് അവൻ താല്പര്യം കാണിച്ചത്.

ഒരിക്കൽ നഗരത്തിലൂടെ ഇങ്ങനെ അമിതവേഗതയിൽ കുതിക്കവെ ഒരു പോലീസുകാരൻ തന്നെ പിന്തുടരുന്നത് സഞ്ജയ് ശ്രദ്ധിച്ചു. വേഗം കുറക്കാനൊന്നും പോയില്ല. എന്നിട്ടും പോലീസ് അവന്റെ മുന്നിൽ കയറി കാർ നിർത്തിച്ചു. ലൈസൻസ് പരിശോധിച്ചു എന്നിട്ട് ഒരു പാഡെടുത്ത് എഴുതാൻ തുടങ്ങി. അൽപം കഴിഞ്ഞ് ആ എഴുതിയ കടലാസ് സഞ്ജയിന് നല്കി. എത്രയാണ് പിഴയെന്നു വെച്ചാൽ അതൊടുക്കി വേഗത്തിൽ പോവാൻ വേണ്ടി അവൻ ആ കടലാസ് നോക്കി. അതൊരു രശീതായിരുന്നില്ല. മറ്റൊന്തോ എഴുതിയിരിക്കുന്നു. വല്ല തമാശയുമാണോ എന്നവൻ ശങ്കിച്ചു. അവൻ അതു വായിച്ചു തുടങ്ങി.

പ്രിയ സഞ്ജയ് എനിക്കൊരു മകളുണ്ടായിരുന്നു. മിടുമിടുക്കി. ആറുവയസ്സുള്ളപ്പോൾ ഒരു കാർമുട്ടിയാണ് അവൾ മരിച്ചത്. അതെ, താങ്കളോടിക്കുന്നപോലെ അമിതവേഗത്തിൽ ഓടിച്ചുപോയ ഒരു കാറായിരുന്നു അത്. പിഴയും മൂന്നുമാസം തടവും കഴിഞ്ഞ് ആ വാഹനമോടിച്ചയാൾ വീട്ടിലേക്ക് മടങ്ങിപ്പോയി. മൂന്നു പെൺകുട്ടികളുടെ അച്ഛനായിരുന്നു അയാൾ അവരുടെ അച്ഛനെ അവർക്ക് തിരിച്ചു കിട്ടി. പക്ഷേ, എനിക്കെന്റെ മകളെ നഷ്ടപ്പെട്ടു. എന്നാണിനി എനിക്കവളെയൊന്ന് കെട്ടിപ്പിടിക്കാൻ, ഉമ്മ കൊടുക്കാൻ കഴിയുക? സ്വർഗ്ഗത്തിൽ ചെല്ലുമ്പോഴോ? ആ മനുഷ്യനെ മറക്കാൻ ഒരായിരം തവണ ഞാൻ ശ്രമിച്ചിട്ടുണ്ട്. അപ്പോഴേല്ലാം എനിക്കതിന് കഴിഞ്ഞിട്ടുമുണ്ട് പക്ഷേ, ഇന്ന് വീണ്ടും ഞാൻ അയാളെ ഓർത്തുപോകുന്നു. ഒരിക്കൽക്കൂടി എനിക്കയാളെ മറക്കാൻ കഴിയുമായിരുന്നു. എനിക്കുവേണ്ടി പ്രാർത്ഥിക്കണം. എനിക്കൊരു മകൻ കൂടിയുണ്ട്. മോനേ സഞ്ജയ്, വാഹനമോടിക്കുമ്പോൾ സൂക്ഷിക്കണേ.

കുറിപ്പ് വായിച്ച് സഞ്ജയ് തിരിഞ്ഞു നോക്കിയപ്പോൾ പോലീസുകാരൻ ജീപ്പുമായി അകന്നു പോകുന്നതാണ് കണ്ടത്. അയാൾ കണ്ണിൽ നിന്നു മറയും വരെ സഞ്ജയ് നോക്കിനിന്നു. തിരിയെ വീട്ടിലേക്ക് കാറോടിക്കുമ്പോൾ മനസ്സിൽ നിറയെ ഒരു ആറുവയസ്സുകാരിയും അവളുടെ അച്ഛനുമായിരുന്നു, വളരെ പതുക്കെയാണ് അയാൾ വാഹനമോടിച്ചത്. വീട്ടിലെത്തിയപ്പോൾ മക്കൾ ഓടിവന്ന് സഞ്ജയ്യെ കെട്ടിപ്പിടിച്ചു. അച്ഛൻ പതിവിലും നേരത്തെ വീട്ടിലേത്തിയതിന്റെ സന്തോഷം. ഭാര്യയും നിറചിരിയോടെ ഓടിവന്നു. അവരുടെ സ്നേഹപരിലാളനകളേറ്റ് ബെഡ്റൂമിലേക്ക് നടക്കുമ്പോൾ അയാൾ പ്രാർത്ഥിച്ചു ദൈവമേ, ആ പോലീസുകാരന്റെ മകനെ കാത്തുകൊള്ളേണമേ.

# ബുൾഡോസറുകൾക്ക് തകർക്കാനുള്ളതല്ല ചരിത്രശേഷിപ്പുകൾ: ഡോ. എം. ജി. എസ്. നാരായണൻ

**(ഇന്ത്യയിലെ മുതിർന്ന ചരിത്രകാരനും ചരിത്രകൗൺസിൽ മുൻ അധ്യക്ഷനുമായ ഡോ.എം.ജി.എസ്. നാരായണൻ 'നേർമൊഴി'യ്ക്കനുവദിച്ച അഭിമുഖത്തിലെ പ്രസക്തഭാഗങ്ങൾ)**



⏭ *സാറിന്റെ വിഷയം ചരിത്രമാണല്ലോ. ഇത് തെരഞ്ഞെടുക്കാൻ പ്രചോദനമായത് എന്താണ്?*

= തുടക്കത്തിൽ ചരിത്രം എനിക്ക് വെറുപ്പായിരുന്നു. കാരണം അത് പഴയകാല രാജാക്കന്മാരുടെ പേരും പെരുമയും വർഷങ്ങളും സൂചിപ്പിക്കുന്നതായിരുന്നു. അന്ന് നല്ല രാജാക്കന്മാരും ചീത്തരാജാക്കന്മാരുമുണ്ടായിരുന്നു. നല്ല രാജാക്കന്മാർ റോഡും പാലവും മറ്റും പണിതു. എന്നാൽ ചീത്ത രാജാക്കന്മാർ യുദ്ധക്കൊതിയന്മാരായിരുന്നു.

എന്റെ അച്ഛൻ ഡോക്ടറായിരുന്നു. അച്ഛനെന്നെ ഡോക്ടറാക്കാൻ ആഗ്രഹിച്ചു. ഇതിനുസരിച്ച് ഗുരുവായൂരപ്പൻ കോളേജിൽ സെക്കന്റ് ഗ്രൂപ്പിനു ചേർത്തു. എന്നാൽ സൾഫ്യൂറിക്ക് ആസിഡിന്റെയും കീറിമുറിച്ച തവളയുടെയും ഗന്ധം എനിക്ക് സഹിക്കാൻ പറ്റിയില്ല. പ്രിൻസിപ്പലിനോട് നേരിട്ടുതന്നെ കാര്യം പറഞ്ഞു. അങ്ങനെ ഹിസ്റ്ററി മതിയെന്നു തീരുമാനിച്ചു.

ഹിസ്റ്ററി ക്ലാസിൽ കെ.വി.കൃഷ്ണയ്യർ എന്ന അധ്യാപകൻ എന്നെ വല്ലാതെ സ്വാധീനിച്ചു. അദ്ദേഹത്തിന്റെ ക്ലാസ് രീതി കാര്യങ്ങൾ നേരിട്ട് കാണിച്ചും അനുഭവിച്ചുമുള്ളതായിരുന്നു. ഇതിനുവേണ്ടി ഇദ്ദേഹം പല സ്ഥലങ്ങളിലും കൊണ്ടുപോയി. അത് എനിക്ക് വല്ലാത്ത അനുഭവമായി. സത്യത്തിൽ അതായിരിക്കാം ചരിത്രം പഠിക്കാനുള്ള താല്പര്യം എന്നിൽ വർദ്ധിപ്പിച്ചത്.

പുസ്തകവായന അന്നും ശീലമായിരുന്നു. അന്ന് മാർക്സിന്റെ പുസ്തകങ്ങൾ എന്നെ ഏറെ സ്വാധീനിച്ചു. സമൂഹം നിലനിൽക്കണമെങ്കിൽ പ്രകൃതി വിഭവങ്ങൾ എടുത്ത് ഉപകാരപ്രദമാക്കണം. സമൂഹത്തിലെ അസംസ്കൃതവസ്തുക്കൾ ഉപയോഗവസ്തുക്കളാക്കുന്നു എന്ന മാക്സിയൻ തത്വം എന്നെ കൂടുതൽ ചിന്തിപ്പിച്ചു. ഇവിടെ അധ്വാനിക്കുന്നവനല്ല അതിന്റെ ഗുണഭോക്താവ്. ഇതൊരു ന്യൂനപക്ഷം മാത്രം അനുഭവിക്കുന്നു. ഈയൊരു സാമൂഹ്യ വ്യവസ്ഥയോട് മാർക്സ് എതിർപ്പ് പ്രകടിപ്പിച്ചു. ഇവിടെയാണ് മനുഷ്യ ചരിത്രത്തിന്റെ ഉത്ഭവം. അല്ലാതെ യുദ്ധങ്ങളിൽ നിന്നല്ല. മാർക്സിന്റെ ഈയൊരു അടിസ്ഥാന സിദ്ധാന്തം എന്നെ ആകർഷിച്ചു. ഇങ്ങനെ ചരിത്രത്തോട് ഞാൻ കൂടുതൽ അടുത്തു. ഈ ചരിത്രസങ്കല്പത്തിൽ നിന്നുകൊണ്ട് ഞാൻ ബി.എ യ്ക്കു ചേർന്നു. അതിനുശേഷം എം.എ. യ്ക്കും. മനുഷ്യന്റെ ബുദ്ധിയേയും ശക്തിയേയും ചോദ്യം ചെയ്യുന്നതായിരുന്നു ചരിത്രം എന്ന് എനിക്ക് മനസ്സിലായി.

⏭ *ജന്മനാട്ടിലെ ഏതെങ്കിലും അനുഭവങ്ങൾ ഈ മേഖല തിരഞ്ഞെടുക്കുന്നതിന് ഇടയായിട്ടുണ്ടോ?*

= എന്റെ തറവാട് പരപ്പനങ്ങാടി നെടുവയിൽ ആയിരുന്നു. അവിടെ ബാസൽമിഷൻ സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചു. അച്ഛന്റെ തറവാട് പൊന്നാനിയായിരുന്നു. എനിക്ക് എഴ് വയസുള്ളപ്പോൾ അമ്മ മരിച്ചു. അങ്ങനെ ഏഴാം ക്ലാസിനു ശേഷം പൊന്നാനിയിൽ എ.വി. ഹൈസ്കൂളിൽ ചേർത്തു. ഇവിടെ ചരിത്രംപഠിക്കുമ്പോൾ നേരത്തെ സൂചിപ്പിച്ചപോലെ രാജാക്കന്മാരുടെ യുദ്ധരസങ്ങൾ കണ്ട് മടുത്തു. ഇവിടെയൊന്നും 'ഹ്യൂമൻ ടെച്ച്' കണ്ടില്ല. എന്നാൽ അപ്പോൾ മാർക്സിന്റെ ദർശനങ്ങൾ എന്നെ സ്വാധീനിക്കപ്പെട്ടിരുന്നു.

⏭ ഒരു ചരിത്രകാരനെന്ന നിലയിൽ നമ്മുടെ രാജ്യം എപ്രകാരമാണ് മുന്നോട്ടുപോകേണ്ടത് എന്നാണ് താങ്കളുടെ അഭിപ്രായം.

= ചരിത്രം ശരിയായ രീതിയിൽ പഠിപ്പിക്കേണ്ടിയിരിക്കുന്നു. ചരിത്രം മനുഷ്യന്റെ അല്ലെങ്കിൽ സമൂഹത്തിന്റെ ആവശ്യങ്ങൾക്ക് ഉത്തരം കാണണം. ചരിത്രം Past ആണ്. എന്നാൽ Pastനെ ശരിയായ രീതിയിൽ മനസ്സിലാക്കി Present നെ ശരിയാക്കണം. ചരിത്രം പഠിക്കേണ്ടതും പഠിപ്പിക്കേണ്ടതുമായ രീതി മാറണം.

⏭ *ദേശീയത ഒന്ന് വിശദീകരിക്കാമോ?*

= വലിയൊരു ചോദ്യമാണ് (പൊട്ടിച്ചിരിക്കുന്നു). പണ്ട് രാജ്യമെന്നൊന്നില്ല. ഉദാഹരണം മോഹൻജദാരോ, ഹാരപ്പ, രജപുത്ര തുടങ്ങിയവ. ഇന്ത്യ എന്ന രാജ്യം തന്നെയില്ലായിരുന്നു. 1957 ലെ പ്ലാസി യുദ്ധത്തിനുശേഷം ബംഗാൾ പിടിച്ചടക്കികൊണ്ട് യുദ്ധങ്ങൾ നടന്നു. അതിനൊക്കെ ശേഷമാണ് ഇന്ത്യ എന്ന സങ്കല്പമുണ്ടാകുന്നത്. കേരളം ആദ്യഘട്ടങ്ങളിൽ ഉണ്ടായിരുന്നില്ല. ദേശം എന്ന് പറഞ്ഞ് മലയാളത്തിൽ അംശം ദേശം എന്നൊക്കെപറയില്ലെ. വില്ലേജിലെ ചെറിയൊരു ഭാഗത്തിനാണ് ദേശം എന്ന് പറഞ്ഞിരുന്നത്. നേരത്തെ നമ്മൾ ഭാരതം എന്ന് വിളിച്ചിരുന്നത് ഇന്ത്യയും പാക്കിസ്താനും ബംഗ്ലാദേശും ഉൾപ്പെടുന്ന ഭാരതമാ

യിരുന്നു. നാട്ടുരാജ്യങ്ങളായിരുന്നു ഭാരതത്തിൽ. ദേശീയത ഉണ്ടായതെങ്ങനെയാണ്? ഒരു ടെറിട്ടറിയ്ക്കു തന്നെ മറ്റൊരു ജീവൻ വച്ച് സ്വത്വവും തനതായ സ്വഭാവവും നിലനിൽപ്പും ഒക്കെ ഉണ്ടെന്ന് സങ്കല്പിക്കുമ്പോഴാണ് നാഷണലിസമായി കാണപ്പെടുന്നത്. അതുകൊണ്ടാണ് ഇമേജിനറി കമ്യൂണിറ്റിയാണ് ദേശീയത എന്നുപറയുന്നത്.

⏭ *സാറ് ഒരുപാട് രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ടല്ലോ. ഇതിലെ എതെങ്കിലും പ്രത്യേക അനുഭവം ഒന്നു പങ്കുവയ്ക്കാമോ?*

= ഇംഗ്ലണ്ട്, ലണ്ടൻ, പാരീസ്, സ്വിറ്റ്സർലന്റ്, കാനഡ, കാലിഫോർണിയ, ടോക്യോ, ജപ്പാൻ, റഷ്യ തുടങ്ങിയ രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികളിൽ ജോലി ചെയ്തതാണ്. ടോക്യോ ഏറെ ഇഷ്ടമായിരുന്നു. കാരണം ഇന്ത്യൻ കൾച്ചറുമായി ഏറെ ബന്ധമുള്ളതായിരുന്നു. അതേപോലെ ജപ്പാൻകാർക്ക് ഇന്ത്യക്കാരെ ഇഷ്ടമായി അനുഭവപ്പെട്ടു. ജപ്പാനിലെ പല ഫാമിലിയുമായി അടുത്ത ബന്ധം സ്ഥാപിക്കാൻ എനിക്ക് സാധിച്ചിരുന്നു. അവരുടെ പ്രത്യേകതകൾ എന്നെ ആകർഷിച്ചു. അതേപോലെ ഇംഗ്ലീഷുകാരും അടുപ്പമുള്ളവരായിരുന്നു. എന്നാൽ അവർ ഇക്വാലിറ്റി ബോധം കൂടുതലുള്ളവരായിതോന്നി. തൊണ്ണൂറുകളിൽ സോവ്യറ്റ് യൂണിയനിൽ പോയപ്പോൾ അവർ കൂടുതൽ 'മിംഗിൾ' ചെയ്യുന്നതായി തോന്നിയില്ല. അന്ന് സോവിയറ്റ് യൂണിയനിൽ ഞാൻ പോയപ്പോൾ അവിടുത്ത രഹസ്യാന്വേഷണ വിഭാഗം കെ.ജി.ബി. എന്നെ തീർത്തും സംശയത്തോടെ നിരീക്ഷിക്കുകയായിരുന്നു എന്ന് പിന്നീടായിരുന്നു മനസിലാക്കിയത്. അങ്ങനെ ഇതിന്റെ പേരിൽ ഞാൻ നാട്ടിലേക്ക് തിരിച്ചുപോരുകയാണ് ചെയ്തത്.

അവിടെയൊരിക്കൽ 1991 ൽ എന്റെ ഗൈഡായ 'യൂജീനിയ' പലസ്ഥലങ്ങളും കാണിക്കുന്നതിനിടയിൽ ലെനിൻമ്യൂസിയത്തിൽ മാത്രം എന്നെ പ്രവേശിപ്പിച്ചില്ല. ഒരു ദിവസം യുജീനിയ ലീവായപ്പോൾ മറ്റൊരാളോടൊപ്പം ലെനിൻ മ്യൂസിയത്തിൽ സന്ദർശിക്കാൻ സാധിച്ചു. പിറ്റേദിവസം യുജീനിയയോട് പറഞ്ഞപ്പോൾ ലെനിനെ വിമർശിക്കപ്പെടാതിരിക്കാനായിരുന്നു മ്യൂസിയത്തിൽ പ്രവേശിപ്പിക്കാതിരുന്നതെന്ന് മനസ്സിലായി. അന്ന് ലെനിനെയും മറ്റും വിമർശിച്ച പുസ്തകങ്ങൾ വായിക്കുന്നവർ പോലും നോട്ടപ്പുള്ളികളായി അനുഭവപ്പെട്ടു.

⏭ *പ്രാദേശിക ചരിത്രരചനയുടെ പ്രാധാന്യത്തെപ്പറ്റി താങ്കളുടെ അഭിപ്രായം എന്താണ്.*



= ചരിത്രം ഗ്ലോബലൈസേഷൻ ആക്കപ്പെട്ടപ്പോൾ ലോക്കലൈസേഷൻ ടെന്റൻസി ഇതിനെതിരായി നിലവിൽവന്നു. ഗ്ലോബലൈസേഷന്റെ ഫലമായി എല്ലാം ഒരേപോലെ. എന്നാൽ ലോക്കലൈസേഷൻ തിരിച്ചും. പ്രാദേശികമായ വേരുകൾ ഇവിടെ അന്വേഷിക്കപ്പെടുന്നു. ഈയൊരു പ്രവണതയെ പ്രോത്സാഹിപ്പിക്കണം എന്നാണ് എന്റെ അഭിപ്രായം.

⏭ *മലപ്പുറം ജില്ലയുടെ പ്രാദേശിക ചരിത്രം ഞങ്ങളെഴുതുകയാണെങ്കിൽ സാറിന് ഞങ്ങളെ എങ്ങനെ സഹായിക്കാനാവും.*

= മലപ്പുറം ജില്ലയ്ക്ക് ഒന്നിച്ചൊരു ചരിത്രം എന്ന് പറയാൻ പറ്റില്ല. അത് വ്യത്യസ്തമായ അതായത് മലപ്പുറം, പൊന്നാനി, തിരൂരങ്ങാടി തുടങ്ങിയ ദേശങ്ങളുടെ ചരിത്രമാണ്. ആദ്യം ചരിത്രത്തിന്റെ ജിയോഗ്രഫി മനസ്സിലാക്കി അവിടുത്തെ രീതികൾ മനസിലാക്കുക. (ടീച്ചർ എന്നെ സ്ഥലങ്ങൾ കാട്ടി ചരിത്രതാല്പര്യം ജനിപ്പിച്ചത് ആവർത്തിച്ചു.)

⏭ *ചരിത്രവിഷയങ്ങൾക്ക് സമകാലിക വിദ്യാഭ്യാസത്തിൽ പ്രധാന്യം കുറവാണല്ലോ. ഇതിനുള്ള കാരണം എന്താവാം.*

= പ്രധാനകാരണം ചരിത്രാധ്യാപകർ തന്നെയാണ്. പുസ്തകങ്ങൾ മാത്രം ആശ്രയിക്കാതെ കൂടുതൽ പഠിച്ച് പഠിപ്പിക്കുക. കണ്ട് അനുഭവിച്ച് പഠിപ്പിക്കുക.

⏭ *വിദേശരാജ്യങ്ങളിൽ ചരിത്രശേഷിപ്പുകൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നുണ്ടെന്ന് മനസിലാക്കുന്നു. എന്നാൽ നമ്മുടെ നാട്ടിൽ പലപ്പോഴും ചില ചരിത്രശേഷിപ്പുകൾ കണ്ടെത്തുന്നുണ്ടെങ്കിലും ഇവ വേണ്ടരീതിയിൽ പഠനവിധേയമാക്കുകയോ സംരക്ഷിക്കപ്പെടുകയോ ചെയ്യുന്നുണ്ടോ? ഇതിനെക്കുറിച്ച് താങ്കൾ എന്തുപറയുന്നു.*

= നമ്മുടെ രാജ്യം സ്വാതന്ത്ര്യത്തിനുശേഷം ഇത്തരത്തിലുള്ള കാര്യങ്ങളിൽ വളരെ പിന്നിലാണ്. കേരളത്തിലെ ആർക്കിയോളജി വകുപ്പിൽ മിടുക്കന്മാർ കുറവാണ്. ആർക്കിയോളജിയിൽ ഹിസ്റ്ററി ക്വാളിഫൈഡായവരെ മാത്രം നിയമിച്ചാൽ ആർക്കിയോളജി എങ്ങനെ മെച്ചപ്പെടും. പൊതുജനങ്ങൾക്ക് താല്പര്യമില്ലായ്മ ഇവിടെ കാണാം. കോഴിക്കോട് കലക്ടറേറ്റിലെ 98 വർഷം പഴക്കമുള്ള മനോഹരമായ ഹജൂർ ആപ്പീസ് പൊളിച്ചുമാറ്റിയത് സങ്കടകരം. നൂറുവർഷം തികഞ്ഞത് മാത്രം സംരക്ഷിക്കപ്പെടണം എന്നാണത്രെ നിയമം. കോഴിക്കോട് മാടായിപള്ളി പോലുള്ള പല പള്ളികളും പൊളിച്ചുമാറ്റി.

⏭ *സാങ്കേതികവിദ്യ പലമേഖലകളിലും വൻ മാറ്റങ്ങൾ വരുത്തുമ്പോൾ ചരിത്രപഠനങ്ങളിൽ സാങ്കേതികവിദ്യ എത്രമാത്രം ഉപയുക്തമാകുന്നുണ്ട്.*

= ബുൾഡോസറുകൾ പല ചരിത്രശേഷിപ്പുകളും തകർക്കപ്പെടുന്നു. ഇതൊരിക്കലും അനുവദിച്ചുകൂടാ. എന്നാൽ കമ്പ്യൂട്ടറുകളും മറ്റും ചരിത്രപഠനത്തെ പലവിധത്തിലും സഹായിക്കുന്നുമുണ്ട്.

⏭ *ചരിത്രശേഷിപ്പുകളുടെ കാലഗണന നിർണയവും വസ്തുതകൾ മനസ്സിലാക്കുന്നതും എപ്രകാരമെന്ന് വിശദീകരിക്കാമോ?*

= പലതരത്തിലാണ്. മരത്തിന്റെ പഴക്കം മനസിലാക്കാൻ ഡെൻഡ്രോക്രോണോളജി ഉപയോഗിക്കും. മരത്തിന്റെ കാലമറിയാൻ മരത്തിന്റെ റിംഗ്സ് നോക്കി അറിയാം. മറ്റുവസ്തുക്കൾ മനുഷ്യനോ മൃഗമോ ആണെങ്കിൽ എല്ലിന്റെയും മറ്റും കാർബണിന്റെ അംശഗുണം പരിശോധിച്ചറിയാം. ലിഖിതരൂപങ്ങൾ അക്ഷരത്തിന്റെ പഴക്കമറിയാൻ സാധിക്കും. 16-ാം നൂറ്റാണ്ടിൽ മലയാളമുണ്ടായിരുന്നു. അതുവരെ വട്ടെഴുത്തായിരുന്നല്ലോ. ഇന്ത്യയിലെ എല്ലാ ലിപികളും ബ്രാഹ്മി ലിപിയിലായിരുന്നു. ഇത് പരിണമിച്ചുണ്ടായത് വട്ടെഴുത്ത്. ഇതിന് 18-19 അക്ഷരം മാത്രം.

⏭ *ചരിത്രവസ്തുതകൾ പലചരി*

*ത്രകാരന്മാരും വ്യത്യസ്ത അഭിപ്രായങ്ങൾ പറയുമ്പോൾ കുട്ടികളായ ഞങ്ങൾക്ക് ശരിയായത് എങ്ങനെ തെരഞ്ഞെടുക്കാൻ സാധിക്കും.*

= തെളിവുകളുടെ അടിസ്ഥാനത്തിൽ അഭിപ്രായങ്ങൾ സ്വീകരിക്കാം. പുരാവസ്തുപഠനത്തിൽ സാഹിത്യപഠനത്തേക്കാൾ ശ്രദ്ധ ആവശ്യമാണ്. പഴയ നാടുവാഴിത്തത്തെയും മറ്റുംമാറ്റാൻ ശ്രമിച്ചത് കമ്യൂണിസ്റ്റുകളായിരുന്നു. ഇതുപോയാൽ സോഷ്യലിസം നടപ്പാക്കാം എന്നുകരുതി. എന്നാൽ ഫ്യൂഡലിസം നഷ്ടപ്പെട്ടതോടെ പല രാജ്യങ്ങളിലും മുതലാളിത്തം വന്നു. മുതലാളിത്തം ഇനിയും വളരെക്കാലം നിലനിൽക്കും എന്നാണ് എനിക്ക് തോന്നുന്നത്. മനുഷ്യൻ മനുഷ്യനായത് മത്സരങ്ങളിലൂടെയാണ് ആ മത്സര സ്വഭാവം മനുഷ്യരക്തത്തിലുണ്ടാകും. മറിച്ച് ഒരു ഇക്വാലിറ്റിയുണ്ടാക്കാൻ പ്രയാസം. അതിനുദാഹരണം റഷ്യ.

മണിയോഡർ എക്കണോമി നാട്ടിൽ വികസനമുണ്ടാക്കി. അല്ലാതെ ഇതൊരു വികേന്ദ്രീകൃതസ്വഭാവം കൊണ്ടല്ല. ആഗോളീകരണത്തിന്റെ ഭാഗമായി വിദേശരാജ്യങ്ങളിൽ നടന്ന വികസനം കേരളത്തിലും വികസനത്തിന്റെ പാതയൊരുക്കി. മാർക്സ് (1847)ന്റെ കാലത്ത് മുതലാളിത്ത സ്വഭാവത്തെപ്പോലെ 21 ാം നൂറ്റാണ്ടിലും മുതലാളിത്ത സ്വഭാവത്തിൽ മാറ്റമുണ്ടാക്കി. ലിമിറ്റഡ് കമ്പനികളിൽ നൂറു കണക്കിന് മുതലാളിമാരെ ഉണ്ടാക്കിയപ്പോൾ അതിനുമാറ്റം വന്ന് കോർപറേറ്റ് മുതലാളിത്തവും സൃഷ്ടിക്കപ്പെട്ടു.

⏭ *ചരിത്രപുസ്തകങ്ങൾ മിക്കതും ഇംഗ്ലീഷിലാണ്. മലയാളം മീഡിയത്തിൽ പഠിക്കുന്ന ഞങ്ങളെപ്പോലുള്ളവർക്ക് ഇത് ആശയഗ്രഹണത്തിന് പ്രയാസമുണ്ടാക്കുന്നു. ഇതിനെക്കുറിച്ച് താങ്കളെന്തുപറയുന്നു.*

= എനിക്ക് പറയാനുള്ളത് വിചിത്രമാവാം. അതായത് പുതിയ ജനറേഷന് മലയാളവും അറിയില്ല. ഉദാഹരണം ടിവിയിലെയുംമറ്റും മലയാളം കണ്ടില്ലേ. വിദ്യാഭ്യാസം എന്നുപോലും ശരിയായി ഉച്ചരിക്കാൻ പറ്റാത്തവർ. ഇംഗ്ലീഷ് ഒരു ലോകഭാഷയാണ് അത്പഠിച്ചേപറ്റൂ. ഭാഷ പഠിക്കേണ്ടത് ഗ്രാമർ പഠിച്ചല്ല. മറിച്ച് പറഞ്ഞും കേട്ടും എഴുതിയും പഠിക്കട്ടെ. ഒടുക്കമൊവട്ടെ ഗ്രാമർ പഠനം. നമുക്കൊരിക്കലുംഇംഗ്ലീഷ് കൂടാതെ കഴിയില്ല. ഇന്ത്യയിലൊരു ഓൾ ഇന്ത്യ കോൺഫറൻസ് നടക്കുമ്പോൾ അവിടെ ഇംഗ്ലീഷ് കൂടിയല്ലേ തീരൂ. ■

# മുറിപ്പാടുകൾ

വിദൂര മായെന്നോ കിട്ടിയതീ
മുറിപ്പാട് തെല്ലുമേ കുറഞ്ഞില്ല
വേദന, ഇന്നേറെ മരവിച്ചുപ്പോയി
ഇന്നലെതന്നൊരു വീരാളിപ്പട്ട്
നാളെയിലെ ശവത്തിൽ പട്ടാടയാകുന്നു
വീര്യം കലർന്നൊരീ സ്നേഹവും,
നാളെയുടെ കണ്ണിൽ കരടായി
വലിയുന്നു; കനലിൽ കട്ടകൾ
ആളിപ്പടരട്ടെ ഒരു ഭീകര
സ്വപ്നം സാക്ഷാത്ക്കരിക്കട്ടെ
കത്തിക്കരിയുന്ന കടലാസു തുണ്ടു-
കൾക്കിന്നേറെ ജീവൻ വെച്ചിടട്ടെ
ഒരു നൂറു നാവുകൾ വളരട്ടെ,
നിത്യവുമീ ജീവ നാഡിയിൽ
ഒരു സ്നേഹ പുഷ്പവുമായി

ഓടിയണഞ്ഞ നിർമ്മലഹൃദയവും
ഇന്നെങ്ങോ കവർന്നുപോയി
നോവുന്ന മനവും ആളുന്ന അഗ്നിയും
ഇന്നീ ജീവന്നു ശക്തി പകരട്ടെ
കണ്ണുനീർ ചാലുകൾക്കിന്നേറെ
വണ്ണമായി കഴിയില്ലിന്നൊരു
സൂര്യനുമീ നീർച്ചാലുകൾ
വാർന്നെടുക്കാൻ
കരിങ്കാളകൂട്ടന്മാർക്കിന്നും
ഉണ്ടതുമതിയാവില്ല, രക്ത
തിളപ്പിൽ വെട്ടുന്നു മാംസവും
ഒടുവിലാ മജ്ജയോ; ഇന്നീ,
സാമ്രാജ്യത്തിൽ അലങ്കാരവസ്തു.

***നയന. എൻ.എൻ.എം.എച്ച്.എസ്.എസ്.***

# മദ്യാസക്തി ഒരു രോഗം

ഡോ.എൻ.കെ.രജിത്ത്
എൻ.എൻ.എം.എച്ച്.എസ്.എസ്. ചേലേമ്പ്ര



ഒരാളെ അനിയന്ത്രിതമായി കുടിക്കാൻ പ്രേരിപ്പിക്കുന്നു എന്നതാണ് ഈ രോഗത്തിന്റെ പ്രത്യേകത. നിയന്ത്രണം വിടുന്ന അവസ്ഥ ഇവരിൽ ആരോഗ്യം, കുടുംബം, ജോലി, മാനസികം, സൗഹൃദം എന്നീ പ്രധാന ജീവിത മേഖലകളിൽ തടസ്സങ്ങളും പ്രശ്നങ്ങളും ഉടലെടുക്കുന്നു എന്നതാണ്. രണ്ടാമത്തെ സ്വഭാവം വല്ലപ്പോഴും മദ്യം കിട്ടാത്ത അവസ്ഥ വരുമ്പോൾ കൈകാൽ വിറയൽ, അബോധാവസ്ഥ, പെട്ടെന്ന് ദേഷ്യം വരൽ എന്നിവ അനുഭവപ്പെട്ടേക്കാം. ഈ അവസ്ഥയിലെത്തുമ്പോൾ വ്യക്തി മദ്യത്തിന് അടിമപ്പെട്ടവരായിത്തീരുന്നു. പലപ്പോഴും വ്യക്തിക്ക് ഇതിൽനിന്നും വിട്ടുനിൽക്കാൻ കഴിയാതെ വരുന്നത് ഇത് തലച്ചോറുമായി ബന്ധപ്പെട്ട് ഒരു രോഗം (Brain Disease) ആയതിനാലാണ്. മദ്യം തലച്ചോറിലെ 'ന്യൂക്ലിയസ് അക്വമ്പൻസ്' എന്ന ഭാഗത്തെ ഉത്തേജിപ്പിക്കുന്നതിനാൽ മദ്യപാനികളിൽ സന്തോഷം എന്ന വികാരം കൃത്രിമമായി ഉടലെടുക്കുന്നു. എന്നാൽ ഇതേ സന്തോഷം കാലാന്തരത്തിൽ രൂപപ്പെടുത്തുന്നിന് കൂടുതൽ അളവ് മദ്യം വേണ്ടിവരുന്നതായി പഠനം തെളിയിക്കുന്നു. തലച്ചോറിന്റെ ഇത്തരം അവസ്ഥകളാണ് ഒരു വ്യക്തിയെ മദ്യത്തിന് അടിമയാക്കി തീർക്കുന്നത്.

## പ്രത്യാഘാതങ്ങൾ

മദ്യാസക്തിക്ക് അടിമപ്പെട്ട വ്യക്തിയിൽ മാത്രം, ഒതുങ്ങുന്നതല്ല ഇതിന്റെ അനന്തരഫലം. ശാരീരികം, മാനസികം, പെരുമാറ്റം, കുടുംബപരം, സാമൂഹ്യം, എന്നിങ്ങനെ വ്യക്തി ഇടപെടുന്ന എല്ലാ മേഖലകളിലും പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു. മറ്റേതൊരു രോഗവും അതു ബാധിച്ച വ്യക്തിയിൽ മാത്രം ഒതുങ്ങുമ്പോൾ മദ്യപാനരോഗം വ്യക്തി ഇടപെടുന്ന എല്ലാ മേഖലകളിലും ആഘാതം ഉണ്ടാക്കുന്നു. പലപ്പോഴും ഭാര്യയും കുട്ടികളും ഇതിന്റെ ഇരയായിതീരുന്നു.

## മാനസിക പ്രശ്നങ്ങൾ

അതിയായ ഉത്കണ്ഠയാണ് ഒട്ടുമിക്ക മദ്യപാനികളിലും കാണുന്നത്. മുഴുക്കുടിയനായ ഒരാൾ പിന്നീട് എത്തിച്ചേരുന്നത് വിഷാദ രോഗത്തിലായിരിക്കും എന്നതിൽ ഒരു സംശയവും വേണ്ട. ചില ആളുകളിൽ ആത്മഹത്യാചിന്തയും ഉടലെടുക്കുന്നു. അമിത മദ്യപാനികളിൽ കാണപ്പെടുന്ന ഒന്നാണ് സംശയാസ്പദമായ ചിന്തകൾ. പലപ്പോഴും ഭാര്യമാരാണ് ഇതിന്റെ ഇരകളായി തീരാറുള്ളത്. ഭാര്യയിൽ സംശയം പ്രകടിപ്പിക്കുന്ന സ്വഭാവം മിക്ക മദ്യപാനികളിലും കാണാറുള്ള ഒന്നാണ്.

## പെരുമാറ്റം

വികലവും കൃത്രിമവുമായ പെരുമാറ്റ രീതിക്ക് ഒരു മദ്യപാനി അടിമയായി തീരുന്നതായി കാണാം. പലപ്പോഴും ചെറിയ ചെറിയ കാര്യങ്ങൾക്കുപോലും അടിസ്ഥാനരഹിതമായ കളവുകൾ പറയലാണ് ഇതിൽ പ്രധാനം. സ്വന്തം ഭാര്യയിലും വേണ്ടപ്പെട്ടവരിലും വിശ്വാസം ഇല്ലാതാവുന്നു. പലപ്പോഴും അനാവശ്യമായ കാരണങ്ങൾ കണ്ടെത്തി വഴക്കിടുന്ന സ്വഭാവത്തിനുടമകളാവുന്നു മിക്കവരും. കുടുംബവുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ മിക്ക മദ്യപന്മാർക്കിടയിലും കുടുംബ കലഹം സർവ്വസാധാരണമായിരിക്കും. കുട്ടികൾ പലപ്പോഴും സ്നേഹമോ ശ്രദ്ധയോ കിട്ടാതെ അവഗണിക്കപ്പെടുന്നു. സ്വന്തം കുട്ടിയെപ്പോലും മദ്യലഹരിയിൽ ലൈംഗികമായി പീഡിപ്പിക്കുന്ന സംഭവങ്ങൾ പലപ്പോഴും പത്രത്താളുകളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ഇവയ്ക്കെല്ലാം പുറമെ കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത ക്ഷയിച്ചുവരുന്നു.

## സാമൂഹ്യമായ പ്രത്യാഘാതം

മദ്യപാനികളിൽ സാമൂഹ്യബന്ധങ്ങൾ പരിമിതമായിരിക്കും. പിൽക്കാലത്ത് ഇവർ സൗഹൃദം മദ്യപാനത്തിൽ കൂട്ടുചേരുന്നവരോടൊപ്പം മാത്രമായി പരിമിതപ്പെടുത്തുന്നു. അപകടത്തിന്റെ ഒരു പ്രധാനകാരണം മദ്യപാനം മൂലമുള്ള വാഹനാപകടമാണെന്ന് പഠനങ്ങൾ തെളി

യിച്ചിട്ടുണ്ട്. പലപ്പോഴും മദ്യപാനം സമൂഹത്തിൽ അക്രമത്തിലേക്കും കുറ്റകൃത്യത്തിലേക്കും എത്തിച്ചേരുന്നതായി കാണാം. ഇവയ്ക്കെല്ലാം പുറമെ സമൂഹത്തിലെ യുവാക്കളുടെ അദ്ധ്വാനക്ഷമത കുറയുക വഴി രാജ്യത്തിന് തന്നെ ഭീമമായ നഷ്ടം വരുത്തുന്നു.

## ചികിത്സാരീതി

മദ്യപാനം സ്വയം നിയന്ത്രിക്കാനാവാത്ത നിലയിലെത്തിയാൽ പിന്നെ ചികിത്സയാണ് ഏക മാർഗ്ഗം. ചികിത്സ എന്ന വാക്ക് ഒരുപാട് ആശയക്കുഴപ്പം ഉണ്ടാക്കുന്ന ഒന്നാണ്. മദ്യപാനത്തിൽ ചികിത്സ ഏതെങ്കിലും ഒരു സങ്കേതത്തിൽ മാത്രം ഒതുങ്ങുന്ന ഒന്നല്ല. പലപ്പോഴും അശാസ്ത്രീയ ചികിത്സ നടത്തി ചികിത്സ കഴിഞ്ഞു എന്ന് ധരിക്കുകയാണ് പലരും. ചികിത്സ പ്രധാനമായും മൂന്ന് മേഖലയിൽ വ്യാപിച്ചു നിൽക്കുന്നു. മദ്യപാനം മൂലമുള്ള ശാരീരിക രോഗങ്ങളെയും, മദ്യത്തിൽ നിന്നും വിട്ടുനിൽക്കുമ്പോൾ ഉണ്ടാവുന്ന പ്രശ്നങ്ങളെയും (Withdrawal Symptom) ചികിത്സിക്കലാണ് ഒന്നാംഘട്ടം. ഇത് പ്രധാനമായും മെഡിക്കൽ രീതിയിലുള്ള ചികിത്സയാണ്.

രണ്ടാംഘട്ടത്തിൽ മദ്യാസക്തിയുമായി ബന്ധപ്പെട്ട മാനസിക പ്രശ്നങ്ങളെയും കുടുംബപരമായ പ്രശ്നങ്ങളെയും പരിഗണിക്കുകയാണ് ചെയ്യുന്നത്. ഇത് പ്രധാനമായും മന:ശാസ്ത്ര ചികിത്സയിലൂടെയാണ് സാധ്യമാവുന്നത്. മൂന്നാംഘട്ടത്തിൽ മദ്യാസക്തിയിൽ നിന്നുള്ള വിട്ടുനിൽക്കലാണ്. ഇതിനായി സൈക്കോളജിക്കൽ കൗൺസലിങ്, സൈക്കോതെറാപ്പി എന്നീ ശാസ്ത്രീയ ചികിത്സകൾ ഉപയോഗപ്പെടുത്തുന്നു. ഇതിലൂടെ മദ്യത്തിനോടുള്ള വിധേയത്വം (Dependency) പരിഹരിക്കപ്പെടുന്നു. ഈ മൂന്ന് രീതിയിലുടെയും നിർത്തിയ മദ്യപാനത്തെ നിലനിർത്താൻ പലപ്പോഴും വ്യക്തിക്കുമാത്രം സാധിച്ചുകൊള്ളണമെന്നില്ല. ആ അർത്ഥത്തിൽ മദ്യപാനം നിർത്തിയവരുടെ കൂട്ടായ്മയുടെ (Alcoholic Annonimus) പ്രസക്തിയും വളരെ നിർണായകമാണ്. അതുകൊണ്ടുതന്നെ വ്യത്യസ്ത ചികിത്സാരീതികളുടെ കൂട്ടായ്മയിലൂടെ മാത്രമേ പരിപൂർണമായി ഒരു മദ്യപാനിയെ മാറ്റം വരുത്താൻ കഴിയൂ. മദ്യപാനം ഒരു രോഗമാണെന്നുള്ള വസ്തുതയിൽ നിന്നുവേണം മദ്യപാനിയെ നോക്കിക്കാണേണ്ടത് എന്ന സത്യം ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തട്ടെ.

## കൂട്ടുകാരി

കൂട്ടുകാരൊത്ത് നടന്നപ്പോൾ
അറിഞ്ഞില്ല ബന്ധനം
നിന്റെ ആലിംഗനത്താൽ ഒരു-
സ്പർശനത്താൽ മനം കുളിർന്നുപോയി
സുഖത്തിലും ദു:ഖത്തിലും കൈകോർത്ത്
നടന്നവർ നമ്മൾ
ജീവിതത്തിൽ ഒരുപാട് നല്ല നിമിഷങ്ങൾ
നൽകിനി.......... എന്റെ കൂട്ടുകാരി
കാലങ്ങൾ ദിവസങ്ങൾ കടന്നുപോകെ
സൗഹൃദത്തിന്റെ ആഴം അറിഞ്ഞുപോയ്
നീ അകന്നതിന്റെ വേദനയിൽ ഞാനിന്നീ
ഏകാകിയായ്.............

***പ്രാർത്ഥന. ടി, സയൻസ്***


ചിത്രീകരണം: മൃദുല.വി.ടി.

## കൂട്ടുകാർ

കുളിരിനും കാറ്റിനും
കിങ്ങിണിപ്പൂവിനും
കുടുകുടെ പൊട്ടി-
ച്ചിരിക്കാൻ മോഹം
കാണാത്ത കാഴ്ചകൾ
കണ്ടുനടന്നവർ
ഏഴാം കടലും
കടന്നുപോയി
തോണിയിലേറി-
ത്തുഴഞ്ഞില്ല, താഴ്വര
തോറു മലഞ്ഞു
തിരിഞ്ഞുമില്ല,
തോഴനോടൊത്തു
കളിയും ചിരിയുമായ്
കാലവുമേറെ-
കടന്നുപോയി.

***അർപിത്.കെ, ഹ്യുമാനിറ്റീസ്***

# പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ

## നിങ്ങളുടെ കുട്ടിയെ എന്തുകൊണ്ട് സർക്കാർ/ എയ്ഡഡ് പൊതുവിദ്യാലയങ്ങളിൽ പറഞ്ഞയക്കണം?



1. കേരളത്തിലെ ഏറ്റവും പ്രഗത്ഭരായ പ്രതിഭാശാലികൾ മുഴുവൻ പഠിച്ചത് പൊതുവിദ്യാലയങ്ങളിലാണ്.
2. കുട്ടികളുടെ ഭാവന, സർഗ്ഗാത്മകത, സാമൂഹികബോധം, മാനവികത തുടങ്ങിയവ വികസിക്കുന്നത് പൊതുവിദ്യാലയത്തിലെ സഹകരണാത്മക പഠനത്തിലൂടെയാണ്.
3. സർക്കാർ നേതൃത്വത്തിൽ വിദഗ്ദ്ധ സമിതികൾ ശാസ്ത്രീയമായി തയ്യാറാക്കിയ പാഠപുസ്തകങ്ങൾ പൊതുവിദ്യാലയങ്ങളിൽ മാത്രം.
4. സൗജന്യ പുസ്തകം, യൂണിഫോം, ഉച്ചഭക്ഷണം, നിരവധി സ്കോളർഷിപ്പുകൾ എന്നിവയക്കുള്ള അവസരം
5. യുവജനോത്സവം, ശാസ്ത്ര-സാമൂഹ്യ ശാസ്ത്ര-ഗണിത ശാസ്ത്ര പ്രവൃത്തിപരിചയ, ഐ.ടി. മേളകളിലെ പങ്കാളിത്തം.
6. എൽ. എസ്. എസ്, യു. എസ്. എസ് തുടങ്ങി നിരവധി മത്സര പരീക്ഷകൾ എഴുതാനുള്ള അവസരം.
7. കുട്ടികൾ മടികൂടാതെ സർഗ്ഗാത്മക പ്രവർത്തനത്തിലേർപ്പെടുന്നു. പ്രതികരണ ശേഷിയുള്ള, മാനവിക ബോധമുള്ള തലമുറയായി വളരുന്നു.
8. മാതൃഭാഷയിലൂടെ പഠിക്കുമ്പോൾ ആത്മവിശ്വാസം വർദ്ധിക്കുന്നു. അറിവിനെ ആഴത്തിൽ അനുഭവിക്കാനും പ്രകടിപ്പിക്കാനും ശേഷിനേടുന്നു.
9. ലോകത്തെ മാറ്റി മറിച്ച എല്ലാ പ്രതിഭാശാലികളും മാതൃഭാഷാ മാധ്യമത്തിൽ വിദ്യാഭ്യാസം നേടിയവരാണ്.
10. ഇന്ത്യയിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള എല്ലാ വിദ്യാഭ്യാസ കമ്മീഷണനുകളും മന:ശാസ്ത്ര വിദഗ്ധരും വിദ്യാഭ്യാസ ചിന്തകരും ഇപ്പോൾ പുറത്തുവന്നിട്ടുള്ള വിദ്യാഭ്യാസവകാശ നിയമവും മാതൃഭാഷാ മാധ്യമ വിദ്യാഭ്യാസത്തെയും പൊതുവിദ്യാലയങ്ങളെയുമാണ് അംഗീകരിക്കുന്നത്.
11. മുമ്പത്തെക്കാൾ മികച്ച ഇംഗ്ലീഷ് വിദ്യാഭ്യാസം ഇപ്പോൾ പൊതുവിദ്യാലയത്തിൽ നിന്ന് ലഭിക്കുന്നു. ചെറിയ ക്ലാസുകൾ മുതൽ ഇംഗ്ലീഷ് പഠനം ആരംഭിക്കുന്നു.
12. വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കുന്ന ചോദ്യക്കടലാസ് ഉപയോഗിച്ച് എല്ലാ സ്കൂളുകളിലും ഒരുപോലെ പരീക്ഷ നടത്തുന്നതിനാൽ കുട്ടികളുടെ നിലവാരം വർദ്ധിക്കുന്നു.
13. ഐ. എ. എസ്, ഐ.പി.എസ് പോലെയുള്ള ഉന്നത പരീക്ഷകളിൽ പൊതുവിദ്യാലയത്തിൽ പഠിച്ച വിദ്യാർത്ഥികളാണ് ഉന്നതവിജയം നേടുന്നത്.
14. പുറംമോടികൾക്കും പൊങ്ങച്ചത്തിനുമപ്പുറത്ത് മനുഷ്യപ്പറ്റുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ പൊതുവിദ്യാലയത്തിനേ കഴിയൂ.
15. സ്നേഹം, വിനയം, നൻമ, സൗഹൃദം, സഹാനുഭൂതി, ത്യാഗമനോഭാവം തുടങ്ങിയ മൂല്ല്യങ്ങൾ ഊട്ടിയുറപ്പിക്കുന്നത് പൊതുവിദ്യാലയങ്ങളിൽ വെച്ചാണ്.
16. ദേശീയോദ്ഗ്രഥനം, ധാർമ്മികത, വ്യക്തിത്വ വികാസം, നേതൃത്വപാടവം എന്നിവ വിദ്യാർത്ഥികളിൽ വളർത്താൻ എൻ.സി.സി, എസ്.പി.സി, ജെ.ആർ.സി, സ്കൗട് & ഗൈഡ്സ് തുടങ്ങിയ വേദികൾക്ക് അവസരം ലഭിക്കുന്നു.

ഡോ. എം. കെ. മുനീർ
(കോഴിക്കോട് സൗത്ത്)
മെമ്പർ
കേരള നിയമസഭ
'മെഹ്ഫിൽ'
ജാഫർഖാൻ കോളനി
മാവൂർ റോഡ്
കോഴിക്കോട്-673 006

ഫോൺ :
ഓഫീസ് : 0471-2512313
0495-2771475
മൊബൈൽ : 9947041000
9995941000
ചന്ദ്രഗിരി ബ്ലോക്ക്-602,
എം. എൽ. എ. ഹോസ്റ്റൽ,
തിരുവനന്തപുരം
ഇ-മെയിൽ തിരുവനന്തപുരം@gmail.com


സ്ഥലം...... 17.03.2017

തീയതി...................

**പ്രിയപ്പെട്ട പ്രിൻസിപ്പാൾ,**

താങ്കൾ അയച്ചുതന്ന ഓഡിയോ ആൽബം ലഭിച്ചു. സ്കൂളിലെ കുട്ടികൾ പാടിയ പാട്ടുകൾ വളരെ ഹൃദ്യമായി അനുഭവപ്പെട്ടു. ഇത്തരം ഒരു ഉദ്യമത്തിന് നേതൃത്വം നൽകിയ എല്ലാവരെയും അനുമോദിക്കുന്നതിന് ഈ അവസരം വിനിയോഗിക്കട്ടെ

എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം

ഡോ.എം.കെ.മുനീർ

To,

**ശ്രീ.കെ.സദാനന്ദൻ,**
**പ്രിൻസിപ്പാൾ,**
**നാരായണൻ നായർ മെമ്മോറിയൽ,**
**എച്ച്.എസ്.എസ്, ചേലേമ്പ്ര,**
**മലപ്പുറം – 673 634.**

# മികവാർന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരം........


**ADV. V. S. SUNIL KUMAR**
MINISTER FOR AGRICULTURE
GOVERNMENT OF KERALA


16.03.2017

## ആശംസാസന്ദേശം

മലപ്പുറം ജില്ലയിലെ ചേലേമ്പ്ര നാരായണൻ നായർ മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ നാടിനാകെ മാതൃകയായി നിലകൊള്ളുന്ന ഒരു വിദ്യാലയമാണ് എന്നറിയുന്നതിൽ ഏറെ സന്തോഷം.

2016 ജൂൺ മാസത്തിൽ ഈ വിദ്യാലയത്തിൽ നിന്ന് പുറത്തിറക്കിയ "നാരങ്ങ മിഠായി" എന്ന ഓഡിയോ സി.ഡി ഏറെ ഹൃദ്യമായ ശ്രവണാനുഭവമാണ് സമ്മാനിച്ചത്. ഇവിടുത്തെ വിദ്യാർത്ഥികളും പൂർവ്വ വിദ്യാർത്ഥികളും പാടിയ ഈ കാവ്യോപഹാരം സ്കൂൾ ഓർമകളിലൂടെയുള്ള മധുരതരമായ ഒരു സംഗീതയാത്രയാണെന്ന് പറയാതിരിക്കാനാവില്ല. മഹത്തായ ഈ സംഗീതസപര്യയിൽ പങ്കാളികളായ മുഴുവൻ പേരെയും ഞാൻ അഭിനന്ദിക്കുന്നു.

പണ്ടുകാലത്ത് സ്കൂളുകളുടെ പരിസരങ്ങളിൽ എല്ലായ്പ്പോഴും ലഭ്യമായിരുന്ന ഒന്നായിരുന്നു നാരങ്ങ മിഠായി. ചെറിയ സംഖ്യയ്ക്കു തന്നെ കൈനിറയെ ഇത്തരം മിഠായികൾ ലഭിച്ചിരുന്നു. കുട്ടിക്കാലത്തിന്റെ മധുരമൂറുന്ന ഓർമയാണത്. ഈ പേരാണ് എൻ.എം.എച്ച്.എസ്.എസ് പുറത്തിറക്കിയ സി.ഡി.യ്ക്ക് നൽകിയിരിക്കുന്നത്. മനോഹരമായ ഈ കാവ്യഭാഷ്യത്തിന്റെ അണിയറ പ്രവർത്തകരെയും സ്കൂൾ അധികൃതരെയും വിദ്യാർത്ഥികളെയും പൂർവ്വ വിദ്യാർത്ഥികളെയും അധ്യാപക-അനധ്യാപകരെയും രക്ഷാകർത്താക്കളെയും അഭിനന്ദിക്കുന്നതോടൊപ്പം എല്ലാവർക്കും ആശംസകൾ നേരുകയും ചെയ്യുന്നു.

സ്നേഹപൂർവ്വം

**വി.എസ് സുനിൽ കുമാർ**

**ശ്രീ. കെ.സദാനന്ദൻ**
**പ്രിൻസിപ്പൽ, എൻ.എം.എച്ച്.എസ്.എസ്**
**ചേലേമ്പ്ര, മലപ്പുറം ജില്ല**


Secretariat Annexe-II, I Floor, Thiruvananthapuram-695 001

# കുട്ടികളുടെ അവകാശങ്ങൾ

**അഷ്റഫ് കാവിൽ**
**(ജില്ലാ പ്രൊബേഷൻ ഓഫീസർ, കോഴിക്കോട്)**

ഐക്യരാഷ്ട്ര സഭ അംഗീകരിച്ച കുട്ടികളുടെ 'അവകാശ ഉടമ്പടി'യിൽ ഒപ്പുവെച്ച രാജ്യമാണ് ഇന്ത്യ. 1989 നവംബർ 20-ന് പ്രാബല്യത്തിൽ വന്ന ഉടമ്പടിയിൽ 1992 ഡിസംബർ 11 ന് ഇന്ത്യ ഒപ്പുവെച്ചു. ഇതോടെ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് നമ്മുടെ രാഷ്ട്രവും സമൂഹവും ബാധ്യതപ്പെട്ടിരിക്കുന്നു. ഉടമ്പടിയുടെ ഒന്നാം വകുപ്പുപ്രകാരം 18 വയസ്സിനുതാഴെ പ്രായമുള്ള എല്ലാ മനുഷ്യജീവിയും കുട്ടിയാണ്. അതായത്, 18 വയസ്സ് തികയാത്ത ആൺകുട്ടിയും പെൺകുട്ടിയും കുട്ടിയുടെ നിർവ്വചനത്തിൽ വരും. ഇഷ്ടമുള്ള പേരും ദേശീയതയും കുട്ടികൾക്ക് സ്വീകരിക്കാം. പ്രസവം കഴിഞ്ഞ ഉടൻ കുഞ്ഞിന്റെ ജനനം ഔദ്യോഗികമായി രജിസ്റ്റർ ചെയ്യേണ്ടത് രക്ഷിതാക്കളുടെ ഉത്തരവാദിത്തമാണ്. അതിജീവനം, വികസനം, സംരക്ഷണം,പങ്കാളിത്തം എന്നിവയ്ക്കുള്ള അവകാശം ഓരോ കുട്ടിക്കുമുണ്ട്.

മതം, ജാതി, ഭാഷ, രാഷ്ട്രീയം തുടങ്ങി കുട്ടികളോട് ഒന്നിന്റേയും പേരിലുള്ള വിവേചനം കാണിക്കരുത്. ശിക്ഷകളിൽ നിന്ന് കുട്ടികൾക്ക് സംരക്ഷണം നൽകണം. കുട്ടികളെ ബാധിക്കുന്ന തീരുമാനങ്ങൾ എടുക്കുമ്പോൾ അവരുടെ ഉത്തമതാല്പര്യവും അഭിപ്രായവും പരിഗണിക്കണം. സ്ഥാപനങ്ങൾക്കും കോടതികൾക്കും ഭരണാധികാരികൾക്കുമൊക്കെ ഇത് ബാധകമാണ്. ജനിക്കാനും ജീവിക്കാനും സന്തോഷത്തോടെ വളരാനുമുള്ള അവസരം കുട്ടികൾക്ക് ലഭിക്കണം. കുട്ടിയുടെ സമ്പൂർണവും ഐശ്വര്യപൂർണവുമായ വ്യക്തിത്വ വികസനത്തിന് സന്തോഷവും സ്നേഹവും പരസ്പര ധാരണയും നിറഞ്ഞ കുടുംബാന്തരീക്ഷം ഉണ്ടാകണം. കുട്ടികൾ സമർത്ഥരായി വളരുന്നതിന്, മാതാപിതാക്കൾ അവർക്ക് ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകണം. കുട്ടികളും മാതാപിതാക്കളും തമ്മിൽ സ്നേഹത്തോടെ കഴിയണം. എന്നാൽ മാതാപിതാക്കളുടെയും ബന്ധുക്കളുടെയോ ഭാഗത്തുനിന്ന് അവഗണന, അവഹേളനം, ചൂഷണം, അതിക്രമം തുടങ്ങിയ പീഡനങ്ങൾ ഉണ്ടായാൽ കുട്ടിക്ക് ഉചിതമായ സംരക്ഷണം നൽകുന്നതിന് സർക്കാർ നടപടിസ്വീകരിക്കും.



വിദ്യാഭ്യാസം, വിനോദം, കലാസാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള അവസരം ഓരോ കുട്ടിക്കും ലഭിക്കണം. സ്കൂളിൽ പതിവായി ഹാജർ ഉറപ്പാക്കുന്നതിനും വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും രാഷ്ട്രം നടപടി സ്വീകരിക്കണം. വിശ്രമവേളകൾ ആസ്വദിക്കാനും പ്രായത്തിനുചേർന്ന വിനോദ പരിപാടികളിൽ ഏർപ്പെടാനും കുട്ടിക്ക് അവകാശമുണ്ട്. ഏതെങ്കിലും വിധത്തിൽ വീടോ കുടുംബമോ നഷ്ടപ്പെടുന്ന കുട്ടിക്ക് സർക്കാർ ഉചിതമായ സംരക്ഷണം നൽകണം. അത്തരം കുട്ടികൾക്ക് കുടുംബ സംവിധാനം കണ്ടെത്താൻ ദത്തുപോലുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കണം. കുട്ടികളെ പരിപാലിക്കുന്ന സ്ഥാപനങ്ങൾക്ക് ഗുണനിലവാരം ഉറപ്പുവരുത്തണം. ശാരീരികമോ മാനസികമോ ആയ പ്രശ്നങ്ങൾ ഉള്ള കുട്ടികൾക്ക് പൂർണവും മാന്യവുമായ ജീവിതം നയിക്കുന്നതിനുള്ള അവസരമുണ്ടാക്കണം. അത്തരം കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം, പരിശീലനം, ആരോഗ്യ സേവനങ്ങൾ തുടങ്ങിയവ നൽകി, സമൂഹത്തിൽ അവരുടെ അന്തസ്സ് ഉറപ്പുവരുത്തേണ്ടത് രാഷ്ട്രത്തിന്റെ ഉത്തരവാദിത്തമാണ്.

യുദ്ധം, അഭയാർത്ഥി പ്രവാഹം, ആയുധ സംഘട്ടനം, കലാപം, പ്രകൃതിദുരന്തങ്ങൾ തുടങ്ങിയ അടിയന്തിര സന്ദർഭങ്ങളിൽ കുട്ടികൾക്ക് സംരക്ഷണവും മനുഷ്യസ്നേഹപരമായ സഹായവും ലഭ്യമാക്കണം. ബാലവേല, സാമ്പത്തിക ചൂഷണം, മയക്കുമരുന്ന് ഉപയോഗം, ലൈംഗിക ചൂഷണം, തട്ടിക്കൊണ്ടുപോകൽ തുടങ്ങിയ കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികൾ സംരക്ഷിക്കപ്പെടണം. ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്ക് ആ വിഭാഗത്തിൽപ്പെട്ടവരുമായി ഇഴുകിച്ചേർന്ന് ജീവിക്കാനുള്ള അവസരം ലഭിക്കണം. ചെയ്തുപോയ കുറ്റകൃത്യങ്ങളുടെ പേരിൽ ക്രൂരവും മനുഷ്യത്വരഹിതവുമായ ശിക്ഷകൾക്ക് ഒരു കുട്ടിയും ഇരയാക്കപ്പെടരുത്. കുറ്റകൃത്യങ്ങളിൽ പെട്ടുപോകുന്ന കുട്ടികൾക്ക് വധശിക്ഷയോ ജീവപര്യന്തം തടവോ നൽകരുത്.

കുറ്റകൃത്യങ്ങളിൽപെട്ടുപോകുന്ന കുട്ടികളുടെ ആത്മാഭിമാനത്തിനും മാന്യതയ്ക്കും കോട്ടം തട്ടുന്ന രീതിയിൽ അവരോട് പെരുമാറരുത്. മറിച്ച്, മനുഷ്യാവകാശങ്ങളോട് ബഹുമാനം വളർത്തുന്ന രീതിയിൽ അവരെ പരിഗണിക്കണം.

കുട്ടികളുടെ അവകാശ ഉടമ്പടി പ്രകാരം മേൽപ്പറഞ്ഞ നിരവധി അവകാശങ്ങളാണ് ഈ ലോകത്തെ ഓരോ കുട്ടിക്കുമുള്ളത്. ഇത്തരം അവകാശങ്ങൾ സംരക്ഷിക്കുന്നതിന് നമ്മുടെ

രാജ്യം നിരവധി പദ്ധതികളും പരിപാടികളും നടപ്പിലാക്കിവരുന്നുണ്ട്. ദേശീയ ശിശു അവകാശ കമ്മിഷൻ, സംസ്ഥാന ബാലാവകാശ കമ്മീഷനുകൾ എന്നിവയുടെ രൂപവൽക്കരണം, ബാലനീതി നിയമനിർമ്മാണം, കുട്ടികളുടെ ദേശീയ കർമ്മപദ്ധതി ആവിഷ്ക്കാരം തുടങ്ങിയ നടപടികൾ സ്വീകരിക്കുക വഴി ബാലാവകാശ സംരക്ഷണ മേഖലയിൽ ഇന്ത്യ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. എങ്കിലും കുട്ടികളുടെ അവകാശങ്ങൾ ഇനിയും സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്നാണ് ചില സ്ഥിതിവിവര കണക്കുകൾ നൽകുന്ന സൂചന.



ലോകത്ത് ഏറ്റവും കൂടുതൽ ബാലവേല ചെയ്യുന്ന രാജ്യങ്ങളിൽ ഒന്ന് ഇന്ത്യയാണ്. ഇന്ത്യയിൽ ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളുടെ എണ്ണം കുറഞ്ഞുവരികയാണ്. 2011 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം 1000 ആൺകുട്ടികൾക്ക് 914 പെൺകുട്ടികൾ മാത്രമാണുള്ളത്. യൂനിസെഫ് റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ ഒമ്പതു ലക്ഷം പെൺകുട്ടികൾ പ്രതിവർഷം ശിശുഹത്യയ്ക്ക് ഇരകളാവുന്നു.

പ്രതിവർഷം ഏഴ് ലക്ഷം പെൺകുട്ടികൾ ഭ്രൂണത്തിൽവെച്ച് കൊലചെയ്യപ്പെടുന്നു. ശൈശവ വിവാഹങ്ങളുടെ കാര്യത്തിൽ ലോകത്ത് രണ്ടാം സ്ഥാനത്ത് നിൽക്കുന്ന രാജ്യമാണ് ഇന്ത്യ. സ്കൂൾ വിദ്യാഭ്യാസം ലഭിക്കുന്നവരും, പട്ടിണി കിടക്കുന്നവരും, തെരുവിൽ കഴിയുന്നവരുമായ ധാരാളം കുട്ടികൾ ഇന്നും നമ്മുടെ രാജ്യത്തുണ്ട്. കുട്ടികൾക്കെതിരേയുള്ള കുറ്റകൃത്യങ്ങളും നമ്മുടെ രാജ്യത്ത് കൂടിക്കൊണ്ടിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾക്ക് നാം കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്.



# വെളിച്ചെണ്ണ മാഹാത്മ്യവുമായി സ്കൂൾ സ്കൗട്ട്സ് ആന്റ് ഗൈഡ്സ്

നാരായണൻനായർ മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ സ്കൗട്ട് ആന്റ് ഗൈഡ്സിന്റെ നേതൃത്വത്തിൽ കലർപ്പില്ലാത്ത ശുദ്ധമായ വെന്ത വെളിച്ചെണ്ണ നിർമ്മിച്ച് വിതരണം നടത്തി. മായം കലരാത്തതും പരിശുദ്ധമായതും ഔഷധ വീര്യമുള്ളതുമായ വെളിച്ചെണ്ണ എങ്ങനെ നിർമ്മിക്കാമെന്ന് കുട്ടികളിൽ അവബോധം സൃഷ്ടിക്കുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. അഞ്ഞൂറോളം പച്ചത്തേങ്ങയുടെ പാലിൽ നിന്നുള്ള വെളിച്ചെണ്ണ ഉല്പാദിപ്പിച്ചായിരുന്നു ആദ്യ സംരംഭം. ഇരുന്നൂറു ഗ്രാം കുപ്പികളാക്കിയ വെളിച്ചെണ്ണ കുട്ടികളുടെയും ജീവനക്കാരുടെയും ഇടയിൽ ചൂടപ്പംപോലെ വിറ്റഴിഞ്ഞു. ഇതിൽ നിന്നും ലഭിച്ച തുക



സ്കൂൾസൗട്ട്സ് ആന്റ് ഗൈഡ് യൂണിറ്റ് സ്കൂളിൽ വെച്ച് നടത്തുന്ന മെഡിക്കൽ ക്യാമ്പിൽ നിർദ്ധനരായ പൊതുജനങ്ങൾക്ക് മരുന്നു നൽകാനും പദ്ധതിയിട്ടു. സ്കൗട്ട് ലീഡർ ഫസൽ റഹ്മാൻ, ഗൈഡ്സ് ലീഡർ സനിഗ സുരേഷ്, സ്കൂൾ പി.ടി.എ. പ്രസിഡൻറ്, സ്കൗട്ട്സ് ക്യാപ്റ്റൻ സി.ഇ.ദീപക്, ഗൈഡ്സ് ക്യാപ്റ്റൻ ശ്വേത അരവിന്ദ്, അദ്ധ്യാപകരും ജീവനക്കാരുമായ സുഷ, ഉഷ, സുധീർ, മാധവൻ എന്നിവർ നേതൃത്വം നൽകി.

# "ഹാ! പ്രിയദർശിനീ നീ..."

**എം.പി.നാരായണൻ നായർ**



അച്ഛനുറങ്ങുന്നിതപ്പുത്താ മകൾ-
ക്കിചരപോൽ മഞ്ചമൊരുക്കി കഴിഞ്ഞു നാം
ലക്ഷോപലക്ഷം ഹൃദയത്തുടിപ്പുക-
ളക്ഷരാർത്ഥത്തിൽ ത്രസിച്ചങ്ങു നിന്നുപോയ്
ഇല്ലെനിക്കോർമ്മയിലിത്രമേലാളുകൾ
വല്ലാതെ പൊട്ടിക്കരഞ്ഞ  ദിനങ്ങളെ.

ഒക്ടോബർ മുപ്പത്തിഒന്നിന്റെ ഞെട്ടലിൽ
രാഷ്ട്രം തരിച്ചങ്ങുനിൽക്കുന്നിതിപ്പൊഴും
അച്ഛന്റെ നെഞ്ചത്തൊരോമനപുഷ്പമായ്
സ്വച്ഛവിരുന്നു നീ ലാളനമേൽക്കയാൽ
കോടികൾക്കുള്ളിലും മൂടുവാനാകാതെ
കൂടിക്കിടന്നുനിൻ കൗമാരകൗതുകം!
'ചാച്ചാജി' എന്നുളളൊരോമനപ്പേരിലെ
അച്ഛനെ ഞങ്ങൾ വിളിക്കുന്നിതിപ്പൊഴും
താതൻ നടന്നൊരപ്പാതയിൽകൂടി നീ
ചെമ്പനീർ കൊമ്പുകൾ പാകിപറന്നുപോയ്
കൊമ്പിൽ മുളച്ചൊരാ നാമ്പിന്റെ തുമ്പത്തു
ചെമ്പനീർ മൊട്ടേടുകൾ പട്ടുടുത്തീടവേ
ഞങ്ങൾ തന്നാന്മാവിലായിരം വർണ്ണപു-
പുഷ്പങ്ങൾ കൊണ്ടു നീ സ്വരപ്നം രചിച്ചീലയോ!

തങ്കമേബ് ഭാരത പൈതൃകം കാത്തുനീ
മങ്കമാർക്കൊക്കെയും രോമാഞ്ചമായിതേ
നീതിനിയമം പുലർത്തുവാൻ വേണ്ടി നീ
കാതരേ, കാളരാത്രിക്കു വാതിൽ തുറക്കവേ

ആയിരമായിരം വേതാളകുളികൾ
കൈയ്യാമമെന്തെന്നറിഞ്ഞിതേ, ധീരതേ!

ഇത്രമേൽ ധൈര്യമാ ത്ധാൻസീതൻ പുത്രിയിൽ
മാത്രമേ ഭാരതം കണ്ടിതു മുന്നമേ!
********************

ഒക്ടോബർ മുപ്പത്തിയൊന്നിതാ ചക്രവാള-
ളത്തിലെന്തോ കുറിച്ചിട്ടു ചെംചോരയാൽ
ആരും നിരിഞ്ഞൊന്നു നോക്കീല കാരണം
ആ നിറക്കൂട്ടുകൾ മൂകമാണെന്നുമേ.

ഞെട്ടിത്തരിച്ചുപോയ് ലോകമന:സാക്ഷി
പൊട്ടിക്കരയുന്നു ഭാരതമിപ്പൊഴും
തീപോലെ കത്തുന്ന വെയ്ലത്തു നിൻമുഖ-
ത്തായിരം മുത്തുകൽ തത്തിക്കളിക്കവേ
ചെമ്പനീർപ്പൂവായ്- ഒരിന്ദുവായ്- പിന്നെയാ-
തുമ്പതൻ ശുദ്ധിപോലിന്ദിരേ വാണു നീ
അന്ത്യനിമിഷവും- 'അന്തരിക്കില്ല നീ'

ചിന്തിച്ചിതങ്ങനെ മാനസമെപ്പൊഴും!

പാമ്പിനു പാലൂട്ടി നാളുകളെത്ര നീ
വഞ്ചിതതതതതതതർക്കെത്രയോ ലാളനമേകി നീ
കണ്ണിലെ കൃഷ്ണമണിപോലെ കാണുന്നവർ
കണ്ണുകൾ പൊട്ടിക്കയായിരുന്നീലയോ?

ഹാ! കഷ്ടമിത്രമേൽ കാപട്യമീ ലോക-
മാകെത്തിരയുകിൽ കാണുകയില്ല നാം.

ശാന്തിവനത്തിലെ വൃശ്ചിക കാറ്റന്നു
ശോകാന്ത ഗാനം രചിച്ചങ്ങു നിൽക്കവേ
കോടികൾ കണ്ണീരിൽ മുങ്ങിക്കുളിക്കവേ,
പാടലസന്ധ്യയോ നീറിപ്പുകയവേ.
വേദങ്ങൾ മന്ത്രമുരുക്കഴിച്ചീടവേ,
വേദന തിങ്ങഅങ്ങി നിറഞ്ഞഅഞ്ഞങ്ങു നിൽക്കവേ,
ഓർമ്മകള്ളോളങ്ങളായി മനസ്സിന്റെ
മർമ്മങ്ങഅങൾ തോറും തുളച്ചങ്ങു കേറവേ,
ചന്ദനമുട്ടികൾ തെട്ടിലുതീർക്കവേ,
മറഅറൊരു കാളിന്ദി കണ്ണീരു തീർക്കവേ,
കോടാനുകോടികൾ വേദനതീർത്തൊരു
മാലകൾ മാത്രമണിഞ്ഞങ്ങു നിൽക്കവേ,
ഇന്ദുനിൻ ദേഹമൊരുപിടിച്ചാമ്പലായ്
അന്ത്യകർമ്മങ്ങൾ തിരശ്ശീല താഴ്ത്തവേ

'ലോക: സമസ്ത സുഖിനോ ഭവന്തു'' വെ-
ന്നായിരുന്നാ മഹൽ സന്ദേശമെപ്പോഴും.

# രണ്ടാമൂഴം

■ നെസ്ലി ടോം

ജ്ഞാനപീഠം ജേതാവായ എം.ടി.വാസുദേവൻ നായരുടെ വയലാർ അവാർഡ് നേടിയ നോവലാണ് രണ്ടാമൂഴം. ഇതിഹാസത്തെ ആസ്പദമാക്കി മലയാളത്തിൽ രചിക്കപ്പെട്ട നോവലുകളിൽ അഗ്രഗാമിയാണ് ഈ നോവൽ.

ഇതിഹാസകഥാപാത്രങ്ങളുടെ മൗനത്തിന്റെ ഇടവേളകളെ ചിന്തയിൽ നിന്നുതിരുന്ന വാക്കുകൾകൊണ്ട് തൊടുകുറിയണിച്ചതാണ് നോവലിന്റെ ഉള്ളടക്കം. വെറും ശാരീരികശക്തിയുടെ പ്രതീകം മാത്രമായി ഇതിഹാസത്തിൽ ചിത്രീകരിക്കപ്പെട്ട ഭീമൻ എന്ന കഥാപാത്രത്തിന് എന്നും എവിടെയും രണ്ടാമൂഴം മാത്രം വിധിക്കപ്പെടുന്നതിന്റെ ഇരുണ്ട രഹസ്യങ്ങൾ നോവലിലൂടെ തുറന്നുകാണിക്കുന്നു. നീതിയുടെയും ധർമ്മത്തിന്റെയും പരിചിതമായ പല ആധാരശിലകളും ഇവിടെ തകർന്നടിയുന്നു.

ശക്തി ശാപവും ഭാരവുമായ ഭീമനെ പിന്തുടർന്നു മഹാഭാരതത്തിന്റെ പ്രപഞ്ചത്തിലൂടെ സഞ്ചരിക്കുമ്പോൾ ഊശാന്താടിയും പെരുവയറും വലിയ ഗദയും മാത്രം ചേർന്നതല്ല ഈ കഥാപാത്രമെന്നു വ്യക്തമാവും. ആ ഭീമനെയാണ് രണ്ടാമൂഴം എന്ന നോവലിലൂടെ എം.ടി. അനാവരണം ചെയ്യുന്നത്.

വായനയുടെ ലോകത്തേക്ക് എല്ലാവരെയും ആകർഷിക്കാൻ ഈ നോവൽരചനയിലൂടെ എം.ടി.യ്ക്ക് കഴിഞ്ഞുവെന്നുള്ളിടത്താണ് രണ്ടാമൂഴം ഒന്നാമതാവുന്നത്.

# പ്രവർത്തനമികവിന് അഭിനന്ദനങ്ങൾ

1976 മെയ് 13ന് ഔപചാരികമായി ഉദ്ഘാടനം ചെയ്ത് ജൂൺ 1ന് 250 കുട്ടികളുമായി തുടങ്ങിയ നാരായണൻ നായർ മെമ്മോറിയൽ ഹൈസ്കൂൾ, വിദ്യാഭ്യാസം കേവലം എഴുത്തും വായനയും കണക്കും പഠിക്കുന്ന അക്കാദമികകാര്യങ്ങൾക്ക് മാത്രം ഊന്നൽ നല്കി വരുന്ന ഒരു പഠനകേന്ദ്രമല്ലെന്നും കുട്ടികളുടെ സർവതോന്മുഖമായ വളർച്ചയ്ക്കാവശ്യമായ പ്രവർത്തനങ്ങൾക്ക് തുല്യ പ്രാധാന്യം നല്കി മുന്നേറികാണുന്നതിൽ ഏറെ സന്തോഷിക്കുകയാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ സ്കൂളിൽ വന്നിട്ടുള്ള മാറ്റങ്ങൾ അസൂയാവഹവും അഭിനന്ദനാർഹവുമാണ്. ഒരുകാലത്ത് സുഷുപ്തിയിലായിരുന്ന ഗൈഡ്സ്, സ്കൗട്ട്, റെഡ്ക്രോസ് തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധിക്കപ്പെടുകയും സർക്കാർതലത്തിൽ അംഗീകാരം നേടുകയുമുണ്ടായി. ഏതാണ്ട് ഇരുപത്തിയഞ്ച് വർഷം നിർജീവമായി കിടന്നിരുന്ന കായികരംഗം ദേശീയതലത്തിൽ അംഗീകാരം നേടി. പ്രത്യേകിച്ച് ഫുട്ബോൾ രംഗത്ത് സ്കൂൾ കൈവരിച്ചുകൊണ്ടിരിക്കുന്ന നേട്ടങ്ങൾ. അതിന് പിന്നിൽ ആത്മാർത്ഥമായി പ്രവർത്തിക്കുന്ന കായികാദ്ധ്യാപകൻ ശ്രീ. മൻസൂർ മാസ്റ്റർ അദ്ദേഹത്തിന് പ്രോത്സാഹനം നല്കുന്ന മാനേജ്മെന്റ്, സഹപ്രവർത്തകർ തുടങ്ങിയ എല്ലാവരെയും അഭിനന്ദിക്കുന്നു. സിതാര കൃഷ്ണകുമാർ, ആകാശ് തുടങ്ങിയ സംഗീതകലാപ്രതിഭകൾ സ്കൂളിന്റെ അഭിമാനങ്ങളായതിൽ സന്തോഷിക്കുന്നു. ഇതിനെല്ലാം പുറമെ ഒട്ടേറെ ജീവകാരുണ്യപ്രവർത്തനങ്ങൾ ഏറ്റെടുത്ത് വിജയിപ്പിക്കുന്ന കുട്ടികളുടെ പ്രവർത്തനങ്ങളും ഏറെ ശ്ലാഘനീയമാണ്. ഒരുകാലത്ത് അല്പം പരിതാപകരമായിരുന്ന കെട്ടിടങ്ങളും അനുബന്ധസൗകര്യങ്ങളും ഇന്ന് ശീതീകരിച്ച ലൈബ്രറി അടക്കം അത്യാധുനികസൗകര്യങ്ങളോടുകൂടി ചേലേമ്പ്രയിലെ മാതൃകാ വിദ്യാലയമായി ഉയർന്നിരിക്കുന്നു.

നമ്മുടെ കുട്ടികളെ സങ്കുചിത ജാതിമതചിന്തകൾക്കതീതമായി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കഴിവുള്ള നാടിന്റെ നാളത്തെ സമ്പത്താക്കി മാറ്റാൻ പ്രവർത്തിക്കുന്ന മാനേജ്മെന്റ്, അദ്ധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ തുടങ്ങിയ എല്ലാവരെയും അഭിനന്ദിക്കുന്നു.



■ സി.കെ.വേലായുധൻ
മുൻ പ്രിൻസിപ്പൽ

# അക്വേറിയത്തിലെ സ്വർണ്ണമത്സ്യങ്ങൾ

■ഡോ. പി. സുരേഷ്

ജാതിയും മതവും സമ്പത്തും അരങ്ങുവാണിരുന്ന വിദ്യാഭ്യാസമേഖലയെ പൊതുഇടത്തിലേക്ക് വിപ്ലവകരമായി പറിച്ചുനട്ടത് ഒട്ടേറെ സമരമുന്നേറ്റങ്ങൾക്കു ശേഷമാണ്. പുലയവിദ്യാർത്ഥികളുടെ പഠനാവകാശങ്ങൾക്കുവേണ്ടി 1904 ൽ അയ്യങ്കാളി നയിച്ചതുപോലെയുള്ള സമരങ്ങൾ വിദ്യാഭ്യാസത്തിന്റെ സാമൂഹികവൽക്കരണത്തിനുവേണ്ടിയുള്ള പോരാട്ടങ്ങളിൽ സുപ്രധാനമാണ്. വിദ്യയുടെ ജനകീയവൽക്കരണം സമൂഹപുനർനിർമ്മിതിയുടെ അവശ്യഘടകമാണെന്ന് നവോത്ഥാനനായകർ തിരിച്ചറിഞ്ഞിരുന്നു. അതിനും മുമ്പേ വിദ്യാഭ്യാസത്തിന്റെ അസാധാരണശക്തി തിരിച്ചറിഞ്ഞ് പള്ളിക്കൂടങ്ങൾ സ്ഥാപിച്ച മിഷനറിമാർ കേരളത്തിലെ വിദ്യാഭ്യാസമേഖലയ്ക്ക് വലിയ സംഭാവനകളാണ് നൽകിയിട്ടുള്ളത്.

മാതൃഭാഷാമാധ്യമ വിദ്യാലയങ്ങൾ വിജ്ഞാനോല്പാദനത്തിന്റെയും വിജ്ഞാനവിനിമയത്തിന്റെയും പ്രഭവകേന്ദ്രങ്ങളായി മാറി. മതനിരപേക്ഷത, പരിസ്ഥിതിബോധം, കീഴാളോന്നമനം, കലാകായികപ്രവർത്തനങ്ങൾ, രാഷ്ട്രീയബോധം, ജനാധിപത്യം, മനുഷ്യാവകാശം തുടങ്ങി ഒരു പരിഷ്കൃത ജനതയെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്ന എല്ലാ മേഖലകളെയും പൊതുവിദ്യാഭ്യാസം അഭിസംബോധനചെയ്തു. അടുക്കളയിൽനിന്ന് അരങ്ങിലേക്കുള്ള കേരളീയസമൂഹത്തിന്റെ പരിണാമത്തിന് വേഗം കൂട്ടിയത് പൊതുവിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് നടന്ന വിദ്യാഭ്യാസമായിരുന്നു.



മാതൃഭാഷാമാധ്യമവിദ്യാഭ്യാസമാണ് കുട്ടികളെ സ്വാഭാവികവും അനായാസവുമായ ആത്മാവിഷ്കാരത്തിലേക്കും സർഗ്ഗാത്മകതയിലേക്കും നയിക്കുന്നത് എന്ന കാര്യം ലോകമെങ്ങും അംഗീകരിച്ചിട്ടുളളതാണ്. വികസിതരാഷ്ട്രങ്ങളെല്ലാം തദ്ദേശീയഭാഷകളിലാണ് സർവ്വകലാശാലാവിദ്യാഭ്യാസം വരെ നടത്തുന്നത്. ആശയരൂപീകരണം, ചിന്താപ്രക്രിയ, ഭാവനാത്മകത തുടങ്ങി, വ്യക്തിയുടെ അടിസ്ഥാനജൈവചോദനകളെല്ലാം ഏറ്റവും മൗലികമായി രൂപപ്പെടുന്നതും ആവിഷ്കൃതമാകുന്നതും മാതൃഭാഷാമാധ്യമ വിദ്യാഭ്യാസത്തിലൂടെയാണെ സംഭവിക്കുന്നത്. ഇംഗ്ലീഷ് പഠിക്കാൻ ഇംഗ്ലീഷിലൂടെ എല്ലാവിഷയവും പഠിക്കേണ്ടതില്ല. അതിന് തെളിവന്വേഷിച്ച് ദൂരെയെങ്ങും പോകേണ്ടതുമില്ല. പ്രൊഫ.ഹൃദയകുമാരി, ഡോ.അയ്യപ്പപ്പണിക്കർ, പ്രൊഫ. വിഷ്ണുനാരായണൻ നമ്പൂതിരി, സച്ചിദാനന്ദൻ, ഇയ്യിടെ അന്തരിച്ച യു.ആർ. അനന്തമൂർത്തി തുടങ്ങിയ പ്രഗല്ഭരായ ഇംഗ്ലീഷ് അധ്യാപകർതന്നെ ഇതിനു തെളിവ്. മാതൃഭാഷയായിരിക്കണം കുട്ടിയുടെ അധ്യയനമാധ്യമം എന്ന് റിപ്പോർട്ട് നൽകിയ വി.കെ.ഗോഖക് ഓക്സ്ഫോർഡ് സർവ്വകലാശാലയുടെ ചരിത്രത്തിൽ ഒന്നാം ക്ലാസ്സിൽ ഒന്നാംറാങ്കിൽ ബിരുദാനന്തരബിരുദം നേടിയ വെള്ളക്കാരനല്ലാത്ത ആദ്യത്തെ വിദ്യാർത്ഥിയായിരുന്നു.ഹൈദരാബാദിലെ ഇംഗ്ലീഷ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യ ഡയറക്ടറുമായിരുന്നു ജ്ഞാനപീഠജേതാവായ ഗോഖക് (ഡോ. പി.പവിത്രൻ, മലയാളംവാരിക,സെപ്തം26,2014).

അറിവിനെആന്തരീകരിക്കാനും പുനഃസൃഷ്ടിക്കാനും കുട്ടിയെ സഹായിക്കുന്ന സ്വാഭാവികപ്രക്രിയയാണ് മാതൃഭാഷാമാധ്യമ വിദ്യാഭ്യാസം. കുട്ടിയുടെ വൈകാരികവും സൗന്ദര്യാത്മകവുമായ മാനസികതലങ്ങളെ മലയാളമാധ്യമപഠനം ഉത്തേജിപ്പിക്കുന്നു. എന്നാൽ അറിവിനെവെറും സാങ്കേതികമായി ഉൾക്കൊള്ളാൻ മാത്രമേ ആംഗലേയമാധ്യമത്തിലൂടെയുള്ള പഠനം സഹായിക്കുകയുള്ളൂ. പുഴയിലെ മത്സ്യത്തെപ്പോലെ സ്വാഭാവികമായ ജൈവാന്തരീക്ഷത്തിൽ സഞ്ചരിക്കുന്നവരാണ് പൊതുവിദ്യാഭ്യാസത്തിലെ കുട്ടികളെങ്കിൽ കൃത്രിമമായി സൃഷ്ടിക്കപ്പെട്ട അക്വേറിയത്തിലെ നിർഭാഗ്യവാന്മാരായ സ്വർണമത്സ്യങ്ങ

ളാണ് ഇംഗ്ലീഷ്മീഡിയം കുട്ടികൾ!

കേരളത്തിന്റെ ജനാധിപത്യ പൊതുമണ്ഡലത്തെ ശിഥിലീകരിച്ചുകൊണ്ട് മതം, ജാതി,വർഗ്ഗം എന്നിവയുടെ പ്രബലീകരണത്തിന് ആക്കംകൂട്ടുന്ന വിധത്തിൽ അംഗീകൃതവും അനംഗീകൃതവുമായ വിദ്യാലയങ്ങൾ പെരുകിക്കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസത്തിന്റെ സാമൂഹികവും സാംസ്കാരികവും മൂല്യാധിഷ്ഠിതവുമായ തലങ്ങൾക്കു പകരം ആഗോളകമ്പോളത്തിലേക്കുള്ള വിദഗ്ദ്ധതൊഴിലാളികളെ രൂപപ്പെടുത്തുന്ന പരിശീലനകേന്ദ്രങ്ങൾ മാത്രമായി അൺഎയിഡഡ്സ്കൂളുകൾ മാറി. വിദ്യാലയങ്ങളും കലാശാലകളും സ്വഭാവസൃഷ്ടിക്കുള്ള യന്ത്രശാലകളാണെന്ന് പറഞ്ഞത് ഗാന്ധിജിയാണ്. എന്നാൽ ജാതിസംഘടനകളും മതസംഘടനകളും സമ്പന്നവർഗ്ഗത്തെ ഉന്നമിട്ടു നടത്തുന്ന വിദ്യാലയങ്ങൾ ഇത്തരം ധർമ്മമാണോ നിർവ്വഹിക്കുന്നത്?

വിദ്യാഭ്യാസം വിമോചനത്തിനുള്ള ഉപാധികൂടിയായിരുന്നു ഒരു കാലത്ത്. അജ്ഞാനത്തിന്റെയും അടിമത്തത്തിന്റെയും ചെളിക്കുണ്ടിൽനിന്ന് ഒരു സമൂഹം മുഴുവൻ വിദ്യാഭ്യാസത്തിന്റെ ബലമേറിയ കയറിൽ പിടിച്ചാണ് പൊതുധാരയിലേക്ക് കയറിപ്പറ്റിയത്. മൂലധനകേന്ദ്രിതമായ പുതിയ വിദ്യാഭ്യാസ രീതികൾ ഈ വിമോചനമൂല്യത്തെയാണ് ചോർത്തിക്കളയുന്നത്.

കേരളത്തിലാകെ 5137 സ്കൂളുകളെയാണ് അനാദായകരമായി കണ്ടെത്തിയിരിക്കുന്നത്. ആദായമില്ലാത്തവയെ നിഷ്കാസനംചെയ്യേണ്ടവയുടെ ഗണത്തിൽപെടുത്തുന്ന മുതലാളിത്ത മൂല്യമാണ് ഇവിടെ മേൽക്കൈ നേടുന്നത്. ആദായമില്ലാത്ത വൃദ്ധമാതാപിതാക്കളെ പെരുവഴിയിൽ തള്ളുന്ന ക്രൂരതയിലേക്ക് ഇവിടെനിന്ന് അധിക ദൂരമില്ല. വായനശാല, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ, കെ.എസ്.ആർ.ടി.സി, കെ.എസ്.ഇ.ബി, തുടങ്ങിയ പൊതുസ്ഥാപനങ്ങൾ അനാദായകരമാണെന്ന കണ്ടെത്തലുകളും പുറകേ വരുന്നു. സർക്കാറുകൾ ജനങ്ങളോടുള്ള പ്രാഥമികബാധ്യതയും സേവനദാതാവെന്ന മൗലികകർത്തവ്യവും കയ്യൊഴിയുകയും ആ ഇടങ്ങളിലേക്ക് സ്വകാര്യമൂലധനത്തിന് സ്വാഗതമോതുകയും ചെയ്യുക എന്ന ഉദാരവൽക്കരണതന്ത്രമാണ് ഇവിടെ അരങ്ങേറുന്നത്.

2013-14 വർഷത്തിൽ കേരളത്തിലെ വിദ്യാലയങ്ങളിൽ 38,51,515 കുട്ടികളാണ് പഠിക്കുന്നത്. കഴിഞ്ഞവർഷത്തേക്കാൾ 1,34,673 കുട്ടികളുടെ കുറവാണുള്ളത്. എയിഡഡ് സ്കൂളുകളിൽ 3.9% കുട്ടികളുടെ കുറവുണ്ടായപ്പോൾ സർക്കാർ വിദ്യാലയങ്ങളിൽ 2.5% കുട്ടികളുടെ കുറവ് മാത്രമാണുള്ളത്. എന്നാൽ അൺ എയിഡഡ് സ്കൂളുകളിലാവട്ടെ 2.76% വിദ്യാർത്ഥികൾ കുറഞ്ഞു. കേരളത്തിലെ അംഗീകാരമില്ലാത്ത 2646 അനംഗീകൃത സ്കൂളുകളിൽ 236 എണ്ണം അനാദായകരമായിക്കൊണ്ടിരിക്കുന്നവയും 123 എണ്ണം നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുമാണ്. 1991 നുമുമ്പ് 528 അനംഗീകൃത സ്കൂളുകൾ മാത്രമേ കേരളത്തിൽ ഉണ്ടായിരുന്നുള്ളൂ. 2000 നു ശേഷം 916 സ്കൂളുകളാണ് മുളച്ചുപൊന്തിയത്. 2189 സ്കൂളുകൾ ഇംഗ്ലീഷ് മീഡിയമാണ്. 2646 സ്കൂളുകളിലായി 3,12,443 കുട്ടികൾ പഠിക്കുന്നുണ്ട്. 1208 സ്കൂളുകൾ സി.ബി.എസ്.ഇ സിലബസാണെന്ന് അവകാശപ്പെടുന്നവയാണ്. വാസ്തവത്തിൽ ഒമ്പതാം ക്ലാസ്സിനു മുകളിലുള്ള ക്ലാസ്സുകളിൽ പരീക്ഷ നടത്താനുള്ള ഒരു ഏജൻസി മാത്രമാണ് സി.ബി.എസ്.ഇ. ഒന്നുമുതൽ എട്ടാം ക്ലാസ്സുവരെയുള്ളവയിലേക്ക് ശാസ്ത്രീയമായി തയ്യാറാക്കപ്പെട്ട പാഠ്യപദ്ധതിയോ സിലബസോ പാഠപുസ്തകങ്ങളോ സി.ബി.എസ്.ഇ തയ്യാറാക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുന്നില്ല. വിദ്യാസമ്പരായ രക്ഷിതാക്കൾപോലും ഇക്കാര്യത്തെക്കുറിച്ച് അജ്ഞരാണ്. ഒമ്പതാം ക്ലാസ്സിനു മുകളിലേക്ക് എൻ.സി.ഇ.ആർ.ടി തയ്യാറാക്കിയ പാഠപുസ്തകങ്ങൾ ശിപാർശചെയ്യുകയാണ് സി.ബി.എസ്.ഇ ചെയ്യുന്നത്. മറ്റുള്ള ക്ലാസ്സുകളിലേക്ക് സ്വകാര്യവ്യക്തികളും പ്രസാധകരും അച്ചടിച്ചിറക്കുന്ന വർണ്ണപുസ്തകങ്ങളാണ് ഇത്തരം സ്കൂളുകൾ അവലംബിക്കുന്നത്. ഓർമ്മപരിശോധിക്കുന്നതും അധ്യാപകകേന്ദ്രിതവുമായ പഴഞ്ചൻ പാഠപുസ്തകങ്ങൾ കാണാതെപഠിക്കാൻ വിധിക്കപ്പെട്ടിരിക്കുയാണ് ഈ സ്ഥാപനങ്ങളിലെ പാവം കുട്ടികൾ.

കേരളസിലബസ് ഇവയേക്കാളൊക്കെ മികച്ചതാണെന്ന് നിരവധി ഏജൻസികൾ നടത്തിയ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. പ്രവർത്തനാധിഷ്ഠിത പഠനം, നിർമാണ പ്രവർത്തനങ്ങൾ, പരീക്ഷണ - നിരീക്ഷണങ്ങൾ എന്നിവയിൽ കേരള സിലബസാണ് മുന്നിൽ. അധ്യാപക പരിശീലനങ്ങൾ, കുറ്റമറ്റ പരീക്ഷാസമ്പ്രദായങ്ങൾ തുടങ്ങിയവയിലും മലയാളവിദ്യാലയങ്ങൾ മികച്ചതുതന്നെ.

എല്ലാതരം സാമൂഹ്യനീതിയെയും അട്ടിമറിക്കുന്നു എന്നതാണ് അൺഎയിഡഡ് സ്കൂളുകളുടെ മറ്റൊരു പ്രശ്നം. ഒട്ടേറെ സ്കോളർഷിപ്പുകൾ, സൗജന്യഭക്ഷണം, സൗജന്യപുസ്തകം, സൗജന്യയൂനിഫോം, കലാകായിക മത്സരങ്ങൾ, നിരവധി മത്സരപരീക്ഷകൾ ,പലതലങ്ങളിലുള്ള മോണിറ്ററിംഗ് സംവിധാനങ്ങൾ തുടങ്ങിയ വിപുലമായ സാധ്യതകളിൽനിന്ന് പുറത്താണ് ഇത്തരം സ്ഥാപനങ്ങളിലെ കുട്ടികൾ. അംഗീകാരമില്ലാത്ത ഇത്തരം സ്ഥാപനങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ 0.48% മാത്ര

മാണ്. പട്ടികവിഭാഗത്തിലാവട്ടെ 3.31% മാത്രം. ഭിന്നശേഷിയുള്ള കുട്ടികൾക്ക് ഇവർ പ്രവേശനം നൽകുകയേയില്ല. നമ്മുടെ പൊതു വിദ്യാലയങ്ങളാവട്ടെ, സമൂഹത്തിലെ ഏതു വിഭാഗത്തെയും ഉൾക്കൊള്ളുന്ന വിശാലമായ ഇടങ്ങളാണ്. അതുകൊണ്ടുതന്നെ സ്നേഹം, ദയ, സഹവർത്തിത്വം, സഹാനുഭൂതി, കാരുണ്യം, മതേതരബോധം, ലിംഗസമത്വബോധം തുടങ്ങിയ മാനവികതയിലൂന്നിയ ഇഴയടുപ്പത്തിന്റെ പാഠശാലകൾ കൂടിയായി പൊതുവിദ്യാലയങ്ങൾ മാറുന്നു.

സഹപാഠിയോടു സംസാരിച്ചതിനു പട്ടിക്കൂടിലടയ്ക്കുകയും മലയാളത്തിൽ സംസാരിച്ചതിന് പിഴയീടാക്കുകയും ചെയ്യുന്ന ഒരു വിദ്യാഭ്യാസ സംസ്കാരം മനുഷ്യരെന്ന നിലയിൽ നാം കൈവരിച്ച മൂല്യങ്ങളെയാണ് പുച്ഛിക്കുന്നത്. സ്നേഹവും സൗന്ദര്യവും എന്തെന്ന് നമുക്ക് പഠിപ്പിച്ചുതരലാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്നത് പ്ലാറ്റോയുടെ വാക്കുകളാണ്. എന്നാൽ അത്തരം പഠനമാണോ നമ്മുടെ വിദ്യാലയങ്ങളിൽ നടക്കുന്നത്? കച്ചവടത്തിന്റെ ശവംതീനിക്കഴുകന്മാർക്ക് മേയാൻ വിട്ടുകൊടുത്ത വിദ്യാഭ്യാസ മേഖലയെ വീണ്ടെടുക്കാൻ മലാപ്പറമ്പ് സ്കൂൾ പുനർനിർമ്മിച്ച അതേ ഇച്ഛാശക്തിയും സംഘബോധവും നാം വീണ്ടും കാണിക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ സാമൂഹ്യബോധമില്ലാത്ത, അരാഷ്ട്രീയവാദികളായ,'സെൽഫി'കളിൽ അഭിരമിക്കുന്ന, ജാതിമതശക്തികളുടെ കയ്യാളുകളായി പ്രവർത്തിക്കുന്ന ഒരു തലമുറയെ സ്വാഗതം ചെയ്യാൻ നാം തയ്യാറാവുക!

■

# ശില്പിയുടെ കലാസൃഷ്ടി

■ അർച്ചന പി.

ചിരിക്കാനെനിക്കറിയില്ല
എന്നെ ആരും ചിരിപ്പിച്ചിട്ടില്ല.
കരയാനെനിക്കറിയില്ല
എന്നെ ആരും വേദനിപ്പിച്ചിട്ടില്ല
സന്തോഷിക്കാൻ ആഗ്രഹിച്ചു ഞാൻ

എന്നെ ആരും സന്തോഷിപ്പിച്ചിട്ടില്ല
സന്തോഷിപ്പിക്കാനെനിക്കറിയില്ല
ഭയമുണ്ടായിട്ടില്ലെന്നിക്കൊരിക്കലും
ഭയപ്പെടുത്തിയിട്ടില്ല ഒന്നും

പാടാനാഗ്രഹിച്ചു
പാടാനാവില്ലെനിക്ക്
താളത്തിനൊത്ത്
ചുവടുവെക്കാൻ
വിതുമ്പി ഞാൻ
ആവില്ലെനിക്കൊരിക്കലും
നൃത്തമാടാൻ
ഓടാനും ചാടാനും
ആഗ്രഹിച്ചു ഞാൻ
അനങ്ങുവാനായില്ലൊരിക്കലും
അനീതികളും അക്രമങ്ങളും
കണ്ടുനിന്നു ഞാൻ
കുഞ്ഞിളം പൈതങ്ങളെ
സ്ത്രീജന്മങ്ങളെ

പിച്ചിച്ചീന്തുന്നത്
നോക്കിനിന്നു
പ്രതികരിക്കാനായില്ല
എനിക്കൊരിക്കലും
സംസാരിക്കാൻ ഒരുങ്ങിനിന്നു ഞാൻ,
കഴിയില്ലെനിക്കൊരിക്കലും
കാരണം,
കാണുവാൻ മാത്രമാവുന്ന
ഒരു ദൃക്സാക്ഷിയായിരുന്നു ഞാൻ.

ശില്പിയുടെ
കലാസൃഷ്ടിയിൽ
പിറന്ന
വെറുമൊരു
കൽപ്രതിമ മാത്രം.

# ആഴങ്ങളിലെ അമ്മ

■ വിവേക് സി.

അവളുടെ കുട്ടിക്കളി ഇനിയും മാറീട്ടില്ല. ഓരോ തിരമാലകൾ വരുമ്പോഴും അതിന്റെ താളത്തിനൊത്തു കാലുകളുയർത്തിച്ചാടി തിരമാലകളെ തോല്പിച്ചുകൊണ്ടിരിക്കുകയാണവൾ.

അധികം ആഴത്തിലേക്ക് പോവല്ലേ ചിപ്പീ.. എന്ന് ഞാൻ പറഞ്ഞപ്പോഴ് അവൾ തന്ന മറുപടി.

ഏട്ടാ, ഇതെന്റെ അമ്മയല്ലേ...

അമ്മമാർ സ്വന്തം മക്കളെ ഉപദ്രവിക്ക്യോ?

ശരിയാണ് അവളുടെ മൂന്നാം വയസ്സിൽ ഞങ്ങളെ വിട്ടുപോയതാണമ്മ.

ചിതാഭസ്മം ഈ കടലിലൊഴുക്കി തിരിച്ചുവരുമ്പോൾ അമ്മയെവിടെ? എന്ന ചോദ്യത്തിനു മുമ്പിൽ പതറിപ്പോയെങ്കിലും ചെറുപുഞ്ചിരി മുഖത്തുവരുത്തി പരന്നുകിടക്കുന്ന ആ കടലാഴങ്ങളിലേക്ക് വിരൽചൂണ്ടി ഞാൻ തന്നെയാണ് പറഞ്ഞു പഠിപ്പിച്ചത്. അതാ...അതാണ് മോളുടെ അമ്മ...

എന്റെ ഈശ്വരവാക്ക് ആ മൂന്നുവയസ്സുകാരിയുടെ ഹൃദയത്തിലേക്ക് ഇത്രത്തോളം ആഴ്ന്നിറങ്ങുമെന്ന് അന്നു ഞാൻ കരുതിയില്ല. ചെറുപ്പം മുതലേ അവളുടെ ഒരാഗ്രഹത്തിനും ഞാൻ എതിരു നിന്നിട്ടില്ല.

അല്ല... അങ്ങനെയല്ല ഇതുവരെ ഒരാഗ്രഹവും അവളെന്നോട് പറഞ്ഞിട്ടില്ല. ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഈ കടലു കാണാൻ വരണമെന്നൊഴിച്ച്.

കരയിൽനിന്ന് എന്തൊക്കെയോ കടലിനോട് ചിണുങ്ങുന്നതും വിതുമ്പിക്കരയുന്നതും പലതവണ കണ്ടിട്ടുണ്ട് ഞാൻ.

ഇന്നവൾ കല്യാണം കഴിഞ്ഞ് വലിയൊരു പെണ്ണായി... ഏതൊരേട്ടനും ആഗ്രഹിക്കുന്നതുപോലെ സാമ്പത്തികഭദ്രതയുള്ള നല്ലൊരു ചെറുപ്പക്കാരനുമായി അവളുടെ കല്യാണം നടത്തി.

കഴിഞ്ഞവട്ടം വീട്ടില് നില്ക്കാൻ വന്നപ്പോ തമാശയിൽ ഞാനവളോട് ചോദിച്ചു.

ഡീ എങ്ങനെയുണ്ട് നിന്റെ കെട്ട്യോൻ? നല്ല ഇടിയൊക്കെ തരാറുണ്ടോ?

ഓ ഏട്ടനെക്കാളേറെ എന്നെ സ്നേഹിക്കുന്നുണ്ടെന്റെ രാജുവേട്ടൻ.

ചിരിച്ചുകൊണ്ടാണവളതു പറഞ്ഞതെങ്കിലും അവളുടെ കണ്ണിൽനിന്നുതിർന്ന രണ്ടുതുള്ളി പതിച്ചതെന്റെ നെഞ്ചിലായിരുന്നു...

കൊച്ചുകൊച്ചുവാശികൾക്കുള്ള കള്ളക്കരച്ചിലല്ലാതെ ഇന്നുവരെ അവളുടെ കണ്ണീർ ഈ അകത്തളത്തിൽ വീണിട്ടില്ല...

എന്താടാ എന്തു പറ്റിയെന്റെ മോൾക്ക്...?

അവളുടെ നെറുകയിൽ തലോടിക്കൊണ്ട് ചോദിച്ച എന്നെ കെട്ടിപ്പിടിച്ച് തേങ്ങിക്കൊണ്ട് അവൾ പറഞ്ഞു...

ഏട്ടാ എനിക്ക് കടലുകാണാൻ പോണം...

ഹഹഹ... ഇതിനാണോടീ പൊട്ടിക്കാളീ നീ പോത്തുപോലെ കിടന്നുകരയുന്നേ... നാളെ ഏട്ടൻ നേരത്തെ വന്ന് മോളെ കൊണ്ടോവാം. ഇപ്പൊ എന്റെ കുട്ടി കിടന്നുറങ്ങ്...

ഇതും പറഞ്ഞ് കട്ടിലിന്റെ മൂലയിലിരുന്ന പുതപ്പെടുത്ത് അവളെ പുതപ്പിച്ച് ലൈറ്റണച്ച് ഞാനും തിരികെ വന്ന് കിടന്നു.

ഐസ്ക്രീമുകാരന്റെ ബെല്ലടികേട്ടാണ് ഞാൻ ചിന്തയിൽ നിന്നുണർന്നത്. അവളപ്പോഴും തിരമാലകൾക്കൊപ്പം തിമിർത്താടുകയാണ്.

ഡീ...ചിപ്പീ... ഐസ്ക്രീം വേണോ നിനക്ക്?

വേണ്ട, ഏട്ടൻ കഴിച്ചോ...

ഹൊ വെള്ളം കണ്ടാൽ ഭ്രാന്താണിവൾക്ക്...

ഇങ്ങനെ പിറുപിറുത്തുകൊണ്ട് അല്പം മാറിയുള്ള ഒരു പെട്ടിക്കടക്കാരനോട് ഒരു സിഗരറ്റ് തരാൻ പറഞ്ഞു.

ചില്ലറത്തുട്ടിനായി അവളുടെ ഹാൻഡ് ബാഗ് പരതുമ്പോഴാണ് നാലുമടക്കായി വച്ച ആ കടലാസ് എന്റെ കണ്ണിലുടക്കിയത്.

സിഗരറ്റിന്റെ കാശുകൊടുത്ത് ആ പേപ്പർ ഞാനെടുത്തു.

ഏട്ടാ, നല്ല സാമ്പത്തികസ്ഥിതിയും ഒരിക്കലും പട്ടിണിക്കിടില്ല എന്നുറപ്പുമുള്ള ഒരു ഭർത്താവിനെ ഏട്ടന്റെ ചിപ്പിക്ക് തരണമെന്ന ആഗ്രഹത്തിൽ ഏട്ടൻ ജയിച്ചു. പക്ഷെ ഭാര്യയെ സ്നേഹിക്കാനറിയാവുന്ന ഒരു ഭർത്താ

വിനെ ലഭിക്കണമെന്ന എന്റെ മോഹങ്ങൾ അവിടെ അസ്തമിച്ചു...

രാത്രി വൈകിയും മുഖപുസ്തകങ്ങളിലും കമ്പ്യൂട്ടറിലും മുഖം പൂണ്ടിരിക്കുന്ന രാജുവേട്ടൻ വീട്ടിലേക്ക് വരുന്നതുതന്നെ വല്ലപ്പോഴാണ്. അയാളുടെ എല്ലാ കൊള്ളരുതായ്മകളും ഞാൻ ക്ഷമിച്ചു. രണ്ടു വയസ്സുള്ള കുട്ടിയേയും കൊണ്ട് ഒരു സ്ത്രീക്ക് വീട്ടില് വരുന്നതുവരെ..

ഇല്ലേട്ടാ...

രണ്ടാം ഭാര്യയുടെ വേഷം എനിക്ക് വേണ്ട...

ആത്മഹത്യ ചെയ്യാനെനിക്ക് പേടിയാണേട്ടാ... എത്ര ശ്രമിച്ചിട്ടും എനിക്കതിന് കഴിയുന്നില്ല. ഈ ഭൂമിയില് ഇനിയും ഇങ്ങനെ കഴിയേണ്ടിവന്നാല്. ഒരു ഈർക്കിൽ കൊണ്ടുപോലും എന്നെ തല്ലിനോവിക്കാത്ത ഏട്ടന് ഞാനൊരു ബാധ്യതയാവും.... അതെനിക്ക് ഓർക്കാൻകൂടി വയ്യ... ചിപ്പി പോകുവാ. അമ്മയ്ക്കരികിലേക്ക്.

എനിക്കെന്റെ അമ്മയെ കെട്ടിപ്പിടിച്ചു കരയണം. ആ മാറിലെ ചൂടേറ്റ് ഒന്നുറങ്ങണം. ഏട്ടന്റെ ചിപ്പി പോകുവാ...

കരഞ്ഞു നിലവിളിച്ച് ഞാനോടിയെത്തുമ്പോഴേക്കും അമ്മയവളെ മാറോട് ചേർത്ത് ദൂരേക്ക് മറഞ്ഞിരുന്നു.

അവരുടെ മാത്രമായ ഏതോ ലോകത്തേക്ക്.

■

കവിത

# അമ്മയുടെ സ്നേഹം

അമ്മയെന്ന വാക്കിനർത്ഥങ്ങളേറെ
അമ്മയുടെ പുഞ്ചിരി വാക്കുകൾക്കപ്പുറം
അമ്മതൻ കൈക്കുമ്പിളേറെ വിസ്മയം
ഭൂമിയിലെല്ലാം അമ്മതൻസ്നേഹം
സ്നേഹമാം വാക്കിൻ മാതൃകയാണമ്മ
അമ്മതൻ സ്നേഹം പ്രപഞ്ചത്തിനപ്പുറം
അമ്മതൻ കണ്ണുകൾ നക്ഷത്രമെന്നപോൽ
കണ്ണീർ അകറ്റുന്നൊരമ്മതൻ സ്നേഹം
അമ്മയുടെ കൈക്കുമ്പിളേറെ മൃദുലം
അധിമധുരമമ്മതൻ സ്നേഹം
ആ സ്നേഹമേൽക്കൂ ഏറെമധുരം
പറയാൻ കഴിയാത്ത നിധിയാണമ്മ
അമ്മതൻ സ്നേഹത്തിനപ്പുറമൊന്നില്ല.

*ഗോപിക.എം.ടി.*



കവിത


# പ്രളയതാണ്ഡവം

രക്തക്കളമായി ഒഴുകിടും പ്രളയമേ
നിൻ ചുവപ്പാർന്ന നെഞ്ചത്ത്
വീണതിന്നെത്ര ജീവിതം
നിൻ ചോരപ്പടവുകൾ താണ്ടി
എൻ കേരളജനത
കലിയിളകി മറിയുന്ന ഭൂമിതൻ
ജലതാണ്ഡവത്തിൻ മുങ്ങീനഗരം
കേരള ജനതയാം ഞങ്ങൾ
ജലമായ നിന്നിലേയ്ക്കൊഴുക്കിയ
വേസ്റ്റുകളൊക്കെയും
നീ പ്രളയമായ് തിരിച്ചുതന്നുപോകവേ
പിന്നെ എന്തിനീ കേരളജനതതൻ
ജീവിതവും നീ എടുത്തു...
നിൻ പ്രളയഭീതിയിൽ ഒടുങ്ങിയതെത്ര
തലമുറകൽ തൻ ജനത
ഇരമ്പുന്ന ശബ്ദമായ് കേരളക്കെടുതിപോൽ
വന്നതെന്തിനായി പ്രളയമേ നീ..

*റിഷിഘല.പി.*

# വിദ്യാഭ്യാസത്തിന്റെ ലക്ഷ്യബോധം

ഒരു സമൂഹത്തിന്റെ സംസ്കാരപരിഷ്കാരങ്ങളെ സാക്ഷാൽക്കരിക്കുന്ന കലാവിദ്യയാണ് വിദ്യാഭ്യാസം. അതിന് ക്ലിപ്തമായ ഒരു ലക്ഷ്യബോധം ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. ഉന്നത വിദ്യാഭ്യാസം അതിന്റെ ഒരു ലക്ഷ്യംമാത്രമേ ആവുന്നുള്ളൂ. സത്യധർമ്മാധിഷ്ഠിതവും പരസ്പര സ്നേഹ വിശ്വാസ ബഹുമാന സമ്മിശ്രവുമാവണം അതിന്റെ പരമലക്ഷ്യം. ഇന്നത്തെ വിദ്യാഭ്യാസരീതി അതിന് എത്രത്തോളം ഉപകരിക്കുന്നുണ്ട് എന്ന് ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.




മൂന്നുപതിറ്റാണ്ടു മുമ്പ് സാങ്കേതികവിദ്യക്ക് പ്രാധാന്യം നൽകിയ പാഠ്യപദ്ധതി നിലവിൽ വന്നപ്പോൾ നിരവധി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുളച്ചുപൊന്തി. പിന്നീട് അതിന്റെ ആധിക്യം നിമിത്തം ഭൂരിപക്ഷംപേർക്കും ജോലി ഇല്ലാതാകുകയും യുവജനങ്ങൾ പൊതുവെ അലസൻമാരാവുകയും മറ്റു വിനാശകരമായ മേഖലകളിലേക്ക് ചേക്കേറുകയും ചെയ്തു. ആവശ്യമായ തസ്തികകളിൽ നിയമന നിരോധനം രഹസ്യമായി നടപ്പാക്കിയതിനാൽ ഉദ്യോഗസ്ഥരുടെ കുറവ് ക്രമാതീതമായി വർദ്ധിച്ചു. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റിന് പകരം ക്വട്ടേഷൻ സംഘം മയക്കുമരുന്ന് സംഘം, ദേശദ്രോഹ പ്രവർത്തികൾ എന്നിവിടങ്ങളിലേക്ക് റിക്രൂട്ട്മെന്റ് ധാരാളമായി. അതിന്റെ ഫലമായി ജനങ്ങളുടെ പ്രത്യേകിച്ച് യുവജനങ്ങളുടെ കർമ്മശേഷി നഷ്ടപ്പെടുകയും മന്ദബുദ്ധികളും ലക്ഷ്യബോധമില്ലാത്തതുമായ തലമുറകൾ വർദ്ധിച്ചുവന്നു. സ്വഭാവസംസ്കരണത്തിലുണ്ടായ ഈ മാറ്റം നാം വളരെ ഗൗരവപൂർവം കണക്കിലെടുക്കേണ്ടതാണ്. സീറ്റുകൾ കുറഞ്ഞതും കുട്ടികൾ ചേരാത്തതുമായ കോടികൾ മുടക്കിയ ധാരാളം ഉന്നത സ്ഥാപനങ്ങൾ നിർജീവാവസ്ഥയിലായി.

ഏതു തലത്തിലുള്ള വിദ്യാഭ്യാസത്തിലും ഭാഷയും ചരിത്രവും സംസ്കാരവും നിർബന്ധമായും പഠിപ്പിക്കുവാൻ സൗകര്യം ഉണ്ടാക്കണം. മതേതരരാജ്യമായ ഭാരതത്തിൽ എല്ലാമതങ്ങൾക്കും അനുയോജ്യമായതും ജാതിവ്യവസ്ഥയെ ക്രമേണ നിരാകരിക്കുന്നതുമായ വിദ്യാഭ്യാസ സമ്പ്രദായം നിലവിൽ വരുത്തണം. ചെറുപ്പംമുതൽ വിദ്യാർത്ഥികളിൽ പരസ്പര സ്നേഹവിശ്വാസം, ബഹുമാനം, ദയ, പരസ്പരസഹായ മനോഭാവം ഇവ വളർത്താനുതകുന്ന വിദ്യാഭ്യാസ സമ്പ്രദായം നടപ്പിൽ വരുത്തണം. ഒരു കുട്ടി വളർന്ന് വരുമ്പോൾ അവനുതകുന്ന ഭാഷ, സംസ്കാരം, സ്നേഹം എന്നിവ ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം ഉറപ്പുവരുത്തണം. വെറും ചുരുങ്ങിയ കാലത്തിനുള്ളിൽ ഇതിന്റെ സൽഫലങ്ങൾ നമുക്ക് കാണാൻ സാധിക്കും.

വെറും പാഠപുസ്തക ഡിഗ്രി മാത്രമുള്ള വിദ്യാഭ്യാസ വിചക്ഷണന്മാരെയല്ല. ജാതിക്കോ മതത്തിനോ രാഷ്ട്രീയത്തിനോ അടിമപ്പെടാത്ത ഉൽപതിഷ്ണുക്കളായ സാംസ്കാരിക പ്രവർത്തകർ നമുക്കിടയിലുണ്ട്. അത്തരം ആൾക്കാർ ചുരുങ്ങിവരുകയാണെങ്കിലും അവരെ ഉൾക്കൊള്ളിച്ച് വിവിധ ക്ലാസുകളിലേക്കാവശ്യമായ സംസ്കാരം, കൃഷി, ഐടി, കല, കായികം, ഭാഷ ശുചിത്വം, ആരോഗ്യം, പ്രകൃതിസംരക്ഷണം എന്നിവയിൽ ഊന്നിക്കൊണ്ടുള്ള പാഠ്യപദ്ധതി ഉണ്ടാക്കി വരും തലമുറയെ സാമൂഹിക മൂല്യമുള്ള അധ്യാപക, വിദ്യാർത്ഥി ബന്ധം ഊട്ടിയുറപ്പിക്കാൻ നമുക്കു കഴിയണം. സ്മാർട്ട് ക്ലാസ് മുറികൾക്കപ്പുറം, സ്മാർട്ട് വിദ്യാർത്ഥികൾ, അതായിരിക്കണം നമ്മുടെ ലക്ഷ്യം.

**ബാലകൃഷ്ണൻ. സി. പി.**

# സാമൂഹിക മാധ്യമങ്ങളും ആധുനിക സംസ്കാരവും

ഇന്ന് ഏതൊരു വ്യക്തിയുടെയും ജീവിതത്തിന്റെ ഭാഗമാണ് സാമൂഹിക മാധ്യമങ്ങൾ. ഒരു വ്യക്തിയുടെ വ്യക്തിത്വത്തെ സ്വാധീനിക്കുന്ന പ്രധാന പങ്ക് സാമൂഹിക മാധ്യമങ്ങൾക്കുണ്ട്. ഒരു വശത്ത് സാംസ്കാരിക വളർച്ച മറുവശത്ത് സാംസ്കാരിക വളർച്ചയുടെ അധപതനത്തിനും കാരണമാകുന്നു. വിദ്യാഭ്യാസം രാഷ്ട്രീയം വാണിജ്യം സാമൂഹിക പ്രവർത്തനങ്ങൾ എന്നിവയിൽ സാമൂഹിക മാധ്യമങ്ങളുടെ പങ്ക് ഒഴിച്ചു കൂടാനാവാത്ത ഒന്നാണ്. വിവരങ്ങൾ പെട്ടെന്ന് മറ്റുള്ളവരിലേക്ക് കൈമാറാൻ എളുപ്പത്തിൽ സാധിക്കുന്നു. മാധ്യമങ്ങളിൽ അച്ചടിച്ചിറക്കുന്നത് അത് പോലെ ഒരു വ്യക്തിയെ വിശ്വസിപ്പിക്കുക എന്നത് മാധ്യമങ്ങളുടെ ഒരു പ്രത്യേകതയാണ്. കൊഴിഞ്ഞ് വീണ ഓർമ്മകൾ പോലും തന്റെ മനസ്സിലേക്ക് വാരിപുണർത്താൻ മൊബൈൽ ഫോണിലൂടെ സാധിക്കുന്നു. ഒരുവ്യക്തിക്ക് മറ്റുള്ളവരെ ആശ്രയിക്കുന്നതും സഹകരിക്കുന്നതും ആനന്ദിപ്പിക്കുന്നതും ഫോൺ ഉപയോഗിച്ചുള്ള സന്ദേശം വഴിയാണ്.

എന്നാൽ ഇത് വ്യക്തിയെ മാനസികമായും ശാരീരികമായും അസ്വസ്ഥപ്പെടുത്തുന്നുണ്ട്. തന്റെ ശരീരത്തിലെ അവയവത്തെപ്പോലെ കൊണ്ട് നടക്കുന്ന ജനതയാണ് ഇന്ന്. ഒരു മുറിക്കകത്ത് അതിൽ മുഴുകി കൊണ്ടിരിക്കുകയാണ് പലരും. പല ചൂഷണങ്ങൾക്കും ഇരയാകുന്ന ജനങ്ങൾക്ക് മുന്നിൽ കൂടുതലായി കാണുന്നത് സാമൂഹിക മാധ്യമത്തിന്റെ ഉപയോഗമാണ്. ഒരു പക്ഷേ ഇത് പണത്തിനുവേണ്ടിയുള്ള ആർത്തിയിൽ ഒരു എളുപ്പവഴിയായി സാമൂഹ്യ മാധ്യമത്തെ ഇരയാക്കികൊണ്ട് മറ്റുള്ളവരെ കബളിപ്പിക്കപ്പെടുന്നു. തന്റെ ചുറ്റുപാടുമായി കുറഞ്ഞ സമയം മാത്രമാണ് ഒരു വ്യക്തി ചെലവഴിക്കുന്നത്. ഒരു വ്യക്തിയെ കണ്ടാൽ രണ്ട് വാക്കിൽ സംസാരം ഒതുക്കികൊണ്ട് തന്റെ മൊബൈൽ ഫോണിൽ മുഴുകി ഇരിക്കുകയാണ് ഇന്നത്തെ ജനത.

ഒരു ജനത നല്ല രീതിയിൽ ഉപയോഗപ്പെടുത്തുമ്പോൾ മറുവശത്തുള്ള ജനത കാണിക്കുന്ന ദുരുപയോഗം ഒരു പക്ഷേ നല്ലവരെയും തെറ്റിദ്ധരിപ്പിക്കുന്നതായി മാറുന്ന സംസ്കാരത്തിലൂടെയാണ് സമൂഹം നീങ്ങിക്കൊണ്ടിരിക്കുന്നത്.

അസ്മിന ഷെറിൻ.എൻ.പി,

# പ്രകൃതിയിലെ അനുപാതങ്ങൾ

(ഏഷ്യൻ ഭൂഖണ്ഡത്തിലെ ഇന്ത്യയിൽ നിന്ന് അമേരിക്കൻ ഐക്യനാടുകളിലേക്ക് വിമാന മാർഗം സഞ്ചരിക്കുകയാണെങ്കിൽ പതിമൂവായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റിയഞ്ച് കിലോമീറ്റർ ദൂരമുണ്ട്. അതായത് അമേരിക്കയിൽ സൂര്യനുദിക്കുമ്പോൾ ഇന്ത്യക്കാർ നിദ്രയിലാണ്ടിരിക്കും. എന്നാൽ ഇന്ത്യയിൽ ജനിക്കുന്ന മനുഷ്യക്കുഞ്ഞിന്റെ അതേരൂപമാണ് അമേരിക്കയിലെ അമ്മ ജന്മം നൽകുന്ന് കുഞ്ഞിനും. ഭൂമിയിലെ രണ്ടു കോണുകളിലും ഉണ്ടാവുന്ന ഈ പിറവിക്ക് എങ്ങനെ ഒരേരൂപം വന്നു? ദൈവികമെന്നോ മറ്റോ ഇതിനെ നാം വിശേഷിപ്പിക്കാറുണ്ടെങ്കിലും പ്രകൃതിയുടെ കൃത്യമായ ഒരു അനുപാതം ഇതിലുണ്ട് എന്നത് സത്യമല്ലേ? ജീവനുള്ളതും ജീവനില്ലാത്തതും വലുതും ചെറുതുമായ എല്ലാ വസ്തുക്കളിലും ഒരു അനുപാതം കാണും. നിത്യജീവിതത്തിൽ നാം കാണുന്നതോ അനുഭവിക്കുന്നതോ ആയ വസ്തുക്കളിൽ പ്രകൃതിയൊരുക്കിയ അനുപാതത്തെക്കുറിച്ചാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്).

270 മുതൽ 280 വരെയുള്ള ദിവസമാണ് ഒരു മനുഷ്യക്കുഞ്ഞ് അമ്മയുടെ ഗർഭപാത്രത്തിൽ ജീവിക്കുന്നത്. അതിനുശേഷം അവൻ പ്രകൃതിയിലേക്ക് കണ്ണുതുറക്കുന്നു. ഇതെങ്ങനെ ഇത്രയും കൃത്യമായ ഒരളവുവന്നു? ഒന്നോ രണ്ടോ മാസം കൊണ്ട് ഒരു കുഞ്ഞ് പൂർണ വളർച്ചയെത്താത്തതെന്തുകൊണ്ട്. ഗർഭസ്ഥ ശിശുമുതൽ തുടങ്ങുന്നതാണ് മനുഷ്യനിലെ പ്രകൃതിയുടെ അനുപാതം. ജനിച്ചുവീണ് മൂന്നാംമാസത്തിൽ കുഞ്ഞ് കമഴ്ന്നു വീഴുന്നു. ആറാം മാസത്തിൽ ഇഴയാൻ പഠിക്കുന്നു. പിന്നെയവൻ മുട്ടിലിഴയുന്നു. പിച്ചവെച്ച് നടക്കുന്നു. എല്ലാ മനുഷ്യരിലും ഇതിനൊരു ഏകരൂപമാണ്. ഒരു മനുഷ്യക്കുഞ്ഞും ജനിച്ചതിന്റെ അടുത്ത ദിവസം നടക്കുകയോ സംസാരിക്കുകയോ ചെയ്യുന്നില്ല. ഒരു ജീവൻ മണ്ണിലേക്ക് മടങ്ങുന്നതുവരെ ഈ അനുപാതം കൃത്യമായി പാലിക്കുന്നു.

കക്ക, ഞണ്ട്, കല്ലുമ്മക്കായ തുടങ്ങി ഷെല്ലുകളുള്ള എല്ലാ ജീവികളിലും വളർച്ച നടക്കുന്നത് ഒരു പ്രത്യേക അനുപാതത്തിലാണ്. സർപ്പിളാകൃതിയിൽ നടക്കുന്ന ഇതിലെ വളർച്ച ഒരിക്കലും മാറുന്നില്ല. ഇതിനെ ഗോൾഡൻ സ്പൈറൽ എന്നാണ് പറയുന്നത്. കലകളിലും വാസ്തുവിദ്യകളിലും മറ്റും നൂറ്റാണ്ടുകളായി കൈകാര്യം ചെയ്യുന്ന ഏറ്റവും മനോഹരമായ അംശബന്ധമാണ് കനകാനുപാതം, അഥവാ ഗോൾഡൻ റേഷ്യോ. ലിയോനാഡോ ഡാവിഞ്ചിയെ പോലുള്ള പ്രസിദ്ധരായ ചിത്രകാരന്മാരുടെ സൃഷ്ടികളിലും ഇത്തരം ഗോൾഡൻ റേഷ്യോ നമുക്കു കാണാം.

പ്രകൃതിയിലേക്ക് കണ്ണോടിച്ചു നോക്കൂ. ഓരോ ജീവിക്കും ഓരോ രൂപമാണ്. മനുഷ്യനെപ്പോലെയല്ല അവൻ വളർത്തുന്ന നായയും പൂച്ചയും. ഓരോ ജീവിയ്ക്കും ക്രോമോസോമിന്റെ അളവിൽ വരെ ഓരോ അനുപാതമാണ്. 23 ജോഡി ക്രോമോസോമുകളാണ് മനുഷ്യനിൽ. അതൊരിക്കലും 22 ജോഡിയോ 24 ജോഡിയോ ആകുന്നില്ല. ഇരുപത്തി രണ്ടു ജോഡിയാവുമ്പോൾ അത് മുയലും ഇരുപത്തിനാലു ജോഡിയായാൽ അത് കുരങ്ങനുമാണ്. ഇരുപത്തിമൂന്നു ജോഡിയ്ക്കുപകരം ഇരുപത്തി എട്ട് ജോഡി ക്രോമോസോമുകൾ വന്നാൽ ആ ജീവി ആനയാണ്. എന്തിനേറെ 23 ജോഡിയ്ക്കു പകരം 23.5 ജോഡി ക്രോമോസോമിലെത്തിയാൽ അത് മനുഷ്യനിലെത്തന്നെ മംഗോളിസം എന്ന അവസ്ഥാവിശേഷത്തിന് കാരണമാകുന്നു.

പ്രകൃതിയിൽ ജീവനുത്ഭവിച്ചിട്ട് കാലമേറെയായി. എന്നാൽ ഇത്രയും കാലമായിട്ടും ജീവികളുടെ ഘടനയിൽ മാറ്റമൊന്നും കാണുന്നില്ല. ബി.സി 304 ൽ ജനിച്ച അശോകചക്രവർത്തിയുടെ കാലഘട്ടത്തിലെ കുതിരകളെപ്പോലെതന്നെയല്ലേ 2018 ൽ ഇന്ത്യയിലുള്ളതും.

ഭൂമി സൂര്യനെ വലയം ചെയ്യുകയാണെന്ന് ചെറിയ ക്ലാസുമുതൽ നാം പഠിക്കുന്നതാണ്. നമുക്കു മുകളിൽ സൂര്യനും ചന്ദ്രനും അനേകായിരം നക്ഷത്രങ്ങളും ഉണ്ടല്ലോ. ഇവയെങ്ങാനും ഭൂമിയിലേക്ക് വീണാൽ നാം എന്തുചെയ്യുമെന്ന് ഒരു കൗതുകത്തിനെങ്കിലും ചിന്തിക്കാത്തവരുണ്ടാകില്ല. സൗരയൂഥത്തിൽ എന്തുകൊണ്ട് എല്ലാ ഗ്രഹങ്ങളും നക്ഷത്രങ്ങളും കൃത്യമായ അകലത്തിൽ നിൽക്കുന്നു. ഭൂമി സൂര്യനെ വലയംചെയ്യുന്ന ദൂരത്തിലല്ല മറ്റു ഗ്രഹങ്ങൾ വലയം ചെയ്യുന്നത്. സൂര്യനിൽ നിന്നുള്ള അകലത്തിലെ അനുപാതം ഇവയൊക്കെ പാലിക്കുന്നു. സൂര്യൻ ഒരിക്കലും രാത്രി ഉദിക്കുകയോ ചന്ദ്രൻ വൈകീട്ട് അസ്തമിക്കുകയോ ചെയ്യില്ല എന്നർത്ഥം. ചന്ദ്രോദയം കണ്ട് നമ്മുടെ പൂവൻകോഴികൾ ഒരിക്കലും കൂവില്ല എന്ന് പ്രകൃതിയുടെ അനുപാതം ശരിവെച്ചുകൊണ്ട് പറയാം. അപാരമായ ഗണിതാനുപാതത്തിന്റെ മായാവിലാസങ്ങൾ നിറഞ്ഞതാണ് രസതന്ത്രത്തിലെ പിരിയോഡിക് ടേബിളും. അതിലെ മൂലകങ്ങളിലെ പ്രോട്ടോണിന്റെ അനുപാതമാണ് ഓരോന്നിനേയും വ്യത്യസ്തമാക്കുന്നത്.

ഭൂമിയെ പച്ചപ്പണിയിക്കുന്ന മരങ്ങളിലേക്കൊന്നു നോക്കാം. പടർന്നു പന്തലിച്ചുനിൽക്കുന്ന ഒരാൽമരത്തിൽ പതിനായിരക്കണക്കിന് ഇലകളുണ്ടാകും. എന്നാൽ ഒന്ന് മറ്റൊന്നിന് ഒരിക്കലും തടസ്സമാകുന്നില്ല. എല്ലാ ഇലകൾക്കും കൃത്യമായ അളവിൽ പ്രകാശം ലഭിക്കുന്നുണ്ട്. ഇലകൾ തമ്മിൽ കൃത്യമായ അകലം പാലിക്കുന്നുണ്ട്. എന്നതിൽ ചെടികളിലെ അനുപാതം ശരിക്കും മനസ്സിലാക്കാവുന്നതല്ലേ. അനേകം ഇതളുകളുള്ള പൂക്കളിലും ഇങ്ങനെ ഒരനുപാതം നമുക്ക് ദർശിക്കാവുന്നതാണ്. ചെറിയ ജീവിയായ തേനീച്ചയുടെ കൂട്ടിൽ വരെ അനുപാതം കൃത്യമായിരിക്കും എന്ന് അതിനെ സൂക്ഷ്മമായി നിരീക്ഷിച്ചാൽ മനസ്സിലാക്കാം.

ഒരു തുള്ളി ജലത്തിൽപ്പോലും കൃത്യമായ അനുപാതം പാലിക്കുന്ന പ്രകൃതി എത്രസുന്ദരം!

അനൈന.പി.

# ആരാച്ചാർ - പെൺചരിത്രത്തിലേക്ക് തുറക്കുന്ന വാതിൽ

സ്ത്രീ കേന്ദ്രകഥാപാത്രമായ രചനകൾ ഇന്ത്യയിൽ മുമ്പുണ്ടായിട്ടുണ്ട്. എന്നാൽ കെ.ആർ.മീരയുടെ ആരാച്ചാർ പ്രമേയത്തിലും അവതരണത്തിലും പുതുമ തേടുന്ന നോവലാണ്.

സ്നേഹവും മരണവും തമ്മിലുള്ള യുദ്ധത്തിന്റെ നിഴലനക്കങ്ങൾ നമുക്കിവിടെ കാണാം. ഒരാളെ തൂക്കിലേറ്റാൻ (ഒരാണിനെ) ഒരു പെണ്ണിന് കഴിയുമോ എന്ന ചോദ്യത്തിന് ഉത്തരമായി ചേതനമല്ലിക്കിനെ അവതരിപ്പിക്കുമ്പോൾ, യാഥാസ്ഥിതികമ ായി നാം വരച്ചു കാട്ടുന്ന മുഖത്തിനപ്പുറം ശക്തമായ ഒരു സ്ത്രീ രൂപത്തെ പരിചയപ്പെടുത്തുന്നു നോവലിസ്റ്റ്.

വർത്തമാനവും ഭൂതകാലവും പരസ്പരം ഇഴ ചേർന്നു പോവുന്ന നോവലിൽ പുരുഷൻ പറയാത്ത ചരിത്രങ്ങളിലേക്കുകൂടി വായനക്കാരനെയെത്തിക്കുന്നു. ചരിത്രം പുരുഷൻ എഴുതിയതാണ്. അവൻ കണ്ട ലോകമേ അവിടെയുള്ളൂ. ചേതന മല്ലിക്ക് പറയുന്നത് പെണ്ണിന് പറയാനുള്ള ചരിത്രമാണ്. പരമ്പരാഗതമായി അവർ നേടിയ ചരിത്ര അറിവുകളിൽ സ്ത്രീയുടെ ഭിന്നമായ മുഖമുണ്ട്.


സഞ്ജീവ് കുമാറിന് മുമ്പിലും അയാളുടെ ചാനൽ ഷോയിലും തന്റെ ഭൂതകാലത്തെക്കുറിച്ചുള്ള അറിവ് നിരത്തിയാണ് ചേതന ജയിച്ചു കയറുന്നത്. ഒരു പരിധിവരെ ചേതനയുടെ ചരിത്രാവബോധം സഞ്ജീവ് കുമാറിനെ ഭയപ്പെടുത്തിയെന്നുമിരിക്കണം. ഒരിക്കലെങ്കിലും എനിക്കു നിന്നെയൊന്നനുഭവിക്കണമെന്ന് പറഞ്ഞ പുരുഷനോട് ചേതനയുടെ പെരുമാറ്റം തികച്ചും വൈരുദ്ധ്യാത്മകമായി തോന്നാം. സ്നേഹവും പകയും ഒരേ സമയത്ത് കത്തിജ്വലിപ്പിക്കുന്നുണ്ട് അവളിൽ.

സഞ്ജീവ് കുമാറിന്റെ കണ്ണട, അയാളുടെ പച്ചക്കണ്ണുകളെ മറയ്ക്കാനുള്ള ഉപാധിയാവുകയാണ്. കപടലോകത്തിന്റെ, കച്ചവടത്തിന്റെ പ്രതിനിധിയായാണ് സഞ്ജീവ് കുമാറിനെ ചിത്രീകരിച്ചിരിക്കുന്നത്. മാധ്യമലോകം ഇന്നു കടന്നു പോവുന്ന എല്ലാ വൃത്തികെട്ട ട്രെൻഡുകളേയും മുഖമടച്ചാക്ഷേപിക്കുന്നുണ്ട് നോവലിസ്റ്റ്.

ഗൃദ്ധ മാലിക്ക് ഈ കച്ചവടത്തിൽ നിലയുറപ്പിക്കുന്ന രംഗങ്ങൾ നോക്കുക. എല്ലാം പറയരുത്. എല്ലാം പറഞ്ഞു കഴിഞ്ഞാ നമുക്ക് പിന്നെ വിലയുണ്ടാവില്ലെന്നുപദേശിക്കുന്നുണ്ട് മകളെ അയാൾ.

കണ്ണീരു കൊണ്ട് തന്റെ അമ്മയേയും ഥാക്കുമായേയും സഞ്ജീവ് കുമാർ കൈയിലെടുക്കുമ്പോൾ ആണിന്റെ കണ്ണീരിനെ വിലയുള്ളൂ എന്ന നിഗമനത്തിലാണ് ചേതന എത്തിച്ചേരുന്നത്. എന്നാൽ ചാനലിൽ സ്ത്രീയുടെ കണ്ണീർ എങ്ങനെ ഉപയോഗപ്പെടുന്നു എന്ന് നേരിട്ടറിയുമ്പോൾ ക്യാമറയ്ക്കു മുമ്പിൽ സ്ത്രീയുടെ കണ്ണീരിന് വിലയിടിഞ്ഞിട്ടില്ലെന്ന നിഗമനത്തിലേക്ക് കൂടുമാറുന്നു ചേതന. പിന്നീട് പശ്ചിമബംഗാളിന്റെ, പ്രത്യേകിച്ച് കൊൽക്കത്തയുടെ സാമൂഹിക, സാമ്പത്തിക അവസ്ഥകളെ ഉദ്യോഗസ്ഥ, മാധ്യമപ്രവർത്തകരുടെ മനോഭാവങ്ങളെ വിശകലനാത്കമായി പരിശോധിക്കുന്നുണ്ട് നോവൽ.

വിശപ്പും പട്ടിണിയും ദാരിദ്ര്യവും എങ്ങനെ വാർത്തയല്ലാതാവന്നുവെന്നും അധികാരികൾ എങ്ങനെയാണ് പ്രതികരിക്കുന്നുവെന്നും നോവലിൽ വ്യക്തമാക്കുന്നുണ്ട്.




കൊൽക്കത്തയിലെ ചുവന്ന തെരുവുകളെ വളരെ മനോഹരമായി പ്രതിപാദിച്ചിരിക്കുന്നു. ചേതനയും ജതീന്ദ്രനാഥും തമ്മിലുള്ള സംഭാഷണങ്ങൾ മരണവും ജീവിതവും തമ്മിലുള്ള സംഭാഷണമാണ്. ചേതനയെന്ന പേരിന്റെ തിരഞ്ഞെടുപ്പിൽ നോവലിസ്റ്റിന്റെ സൂക്ഷ്മത നമുക്കു കാണാം.

വധശിക്ഷ വേണമോ വേണ്ടയോ എന്ന ഇന്ത്യയിൽ ഏറെക്കാലമായി തുടരുന്ന ചർച്ചകളിലേക്ക് ഈ നോവൽ വിരൽ ചൂണ്ടുന്നുണ്ട്.

കുറ്റവും ശിക്ഷയും തമ്മിലുള്ള ഒരു ത്രാസ് ഇവിടെയുണ്ടാവുന്നതായി കാണാം. എന്തിന് വധശിക്ഷ മാത്രമായി നിരോധിക്കണം. ഗവൺമെന്റിന്റെ അനീതിയിൽ മരണപ്പെടുന്നവർ, സ്വയം തൂക്കിലേറ്റപ്പെടുന്നവർ, ഈ മഹാരാജ്യത്ത് ധാരാളമുണ്ടാകുമ്പോൾ, തീർച്ചയായും നോവൽ ഈ ചോദ്യമാണ് ആരായുന്നത്.

പഠിക്കാൻ മിടുക്കിയായ ഒരു പെൺകുട്ടിയെ കുലത്തൊഴിൽ ചെയ്യാൻ പ്രേരിപ്പിക്കുന്ന സാമൂഹ്യ വ്യവസ്ഥയാണ് ഇന്ത്യയിൽ ഇന്നും നിലനിൽക്കുന്നത്. ഇന്ത്യൻ ചുറ്റുപാടുകൾ സ്ത്രീയെ എവിടെ നിർത്തുന്നുവെന്നതിന്റെ ഉത്തരം നമുക്ക് ഈ നോവലിൽ കാണാം.

ഗൃദ്ധാമാലിക്കിന്റെ അടികൾ വാങ്ങാനുള്ള ശരീരമായി തീരുന്ന ചേതനയുടെ 'മാ' വീട്ടിൽ പുകഞ്ഞു കൊണ്ടിരിക്കുന്ന ഒരായുസ്സാണ് ഥാക്കുമായുടെ അവസ്ഥയും. വിഭിന്നമായിരുന്നില്ലെന്ന സൂചനകൾ നമുക്ക് ലഭിക്കുന്നുണ്ട്. എന്നാൽ ഇവരുടെ ഉണർത്തുപാട്ടുകൾ ഇടയ്ക്കൊക്കെ നോവലിൽ ഉണ്ടാവുന്നുണ്ട്.

പാരമ്പര്യം നിലനിർത്തുന്നത് പുരുഷനല്ലെന്നും സ്ത്രീയാണെന്നതിനുള്ള തെളിവുകൾ നോവലിസ്റ്റ് നിരത്തുന്നു. സ്ത്രീ ദുർബലയാണെന്നോ ശക്തയാണെന്നോ എഴുത്തുകാരി സ്ഥാപിക്കുന്നില്ല. നേരേമറിച്ച് സാഹചര്യങ്ങളോട് പ്രതികരിക്കാനുള്ള വൈഭവബുദ്ധി പുരുഷനെയപേക്ഷിച്ച് സ്ത്രീ പലപ്പോഴും കൂടുതലായി പ്രകടിപ്പിക്കുന്നുവെന്ന് വസ്തുതകൾ സഹിതം നിരത്തുന്നു.

മലയാളത്തിൽ ഈയിടെയുണ്ടായിട്ടുള്ള ഏറ്റവും ശക്തമായ നോവലാണ് ആരാച്ചാർ എന്നതിൽ സംശയമേതുമില്ല. ഭൂതവും വർത്തമാനവും കൂട്ടിയിണക്കി, സമകാലിക ചിത്രങ്ങളോട് സാമ്യമുള്ള ചിത്രങ്ങളെ ഭൂതകാലത്തിൽ നിന്ന് കണ്ടെത്തിയെടുക്കുന്ന ആഖ്യാനം വായനക്കാരനെ പിടിച്ചുനിർത്തുന്നതിൽ വിജയിച്ചിരിക്കുന്നു.

തുറന്ന ഒരിടം എഴുത്തിലൂടനീളം നോവലിസ്റ്റ് സൂക്ഷിക്കുന്നുണ്ട്. കച്ചവടസംസ്കാരത്തിൽ നിന്ന് മാനദേയുടെ ചെറിയ പത്രത്തിലേക്ക് കൂടുമാറുന്ന ചേതനയെ നമുക്ക് കാണാം. ഇവിടെ എപ്പോഴും ഒരു യുദ്ധമുണ്ട്. മൂല്യങ്ങളും വിൽപ്പനയും തമ്മിൽ, ജയവും തോൽവിയും തമ്മിൽ. ഈ യുദ്ധങ്ങളാണ്. അതും ഒരു പെൺമനസ്സിൽ നടക്കുന്ന ആശയ സംഘട്ടനങ്ങളാണ്.

ചേതനയുടെ കുരുക്കിൽ സഞ്ജീവ്കുമാർ മിത്ര തൂങ്ങി നിൽക്കുമ്പോൾ നമുക്ക് ഒരു കാര്യം ഉറപ്പിക്കാം. ഒന്നുകൂടി ചേർത്തു പറയാം. ഒരാണിന് തന്നെ സന്തോഷിപ്പിക്കുന്നവളെ മാത്രമേ സ്നേഹിക്കാൻ കഴിയൂ, ഒരു പെണ്ണിന് തന്നെ വേദനിപ്പിക്കുന്നവനേയും സ്നേഹിക്കാൻ കഴിയും.

**അനഘ.ടി.ആർ.**

www.nnmhsschool.com